കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വാഴൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.കെ.ടി.എം.പി5/1324/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയതി: 14/10/2025
ഇ-മെയിൽ:
doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 14/10/2025
കെ.എസ്.എ.കെ.ടി.എം.പി5/1324/25

കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 30-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സുരേഷ് എസ്	ഡെപ്യൂട്ടി ഡയറക്ടർ	25-07-2025	04-08-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
25-07-2025	04-08-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ ആർ , ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)

ശ്രീ സുമേഷ് പി വി ,അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി കൃഷ്ണപ്രിയ എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ നിധിൻ കുമാർ പി. വി ,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ വി പി റെജി	പ്രസിഡന്റ്	01-04-2024	25-12-2024
ശ്രീ കെ സി തോമസ്	പ്രസിഡന്റ്	26-12-2024	31-03-2025
ശ്രീമതി സൗമ്യ എം	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ അരുൺ കമാർ ജി	കൃഷി ഓഫീസർ	01-04-2024	31-03-2025
ഡോ രേണുക കെ രാമൻ	മെഡിക്കൽ ഓഫീസർ ആയുർവേദം	01-04-2024	15-12-2024
ഡോ.സുധീഷ് കുമാർ എസ്	മെഡിക്കൽ ഓഫീസർ ആയുർവേദം	16-12-2024	21-01-2025
ഡോ.ശ്രീജിത്ത് എസ്	മെഡിക്കൽ ഓഫീസർ ആയുർവേദം	22-01-2025	31-03-2025
ഡോ ബിനോയി ജോർജ്	വെറ്ററിനറി സർജൻ	01-04-2024	02-05-2024
ഡോ.ജിജേഷ് കുമാർ	വെറ്ററിനറി സർജൻ	03-05-2024	30-05-2024
ഡോ.അജയ് കുമാർ	വെറ്ററിനറി സർജൻ	01-06-2024	27-06-2024
ഡോ ബിനോയി ജോർജ്	വെറ്ററിനറി സർജൻ	28-06-2024	20-07-2024
ഡോ.ജിജേഷ് കുമാർ	വെറ്ററിനറി സർജൻ	21-07-2024	07-09-2024
ഡോ സുധീർ പി.എസ്	വെറ്ററിനറി സർജൻ	08-09-2024	31-03-2025
ശ്രീ ഷിഹാബുദ്ദീൻ റ്റി.എസ്	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി അനുപമ ശ്രീകുമാർ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി ജലജകുമാരി പി.എസ്	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2024	31-12-2024
ശ്രീമതി മഞ്ജു പി പി	ഐ സി ഡി എസ് സൂപ്പർവൈസർ	01-01-2025	31-03-2025
ശ്രീ അരുൺ പി സുരേന്ദ്രൻ	വി ഇ ഓ വാഴൂർ	01-04-2024	31-03-2025
ശ്രീമതി അനിത മാരിയ ജോസ്	വി ഇ ഓ പുളിക്കൽകവല	01-04-2024	31-03-2025
ഡോ ജോർജ് മാത്യു	മെഡിക്കൽ ഓഫീസർ , എഫ്.എച്ച്.സി	01-04-2024	31-03-2025
ശ്രീമതി മഞ്ജുള ആർ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	27-10-2024
ശ്രീമതി രേഖ റ്റി സോമൻ	അസിസ്റ്റന്റ് സെക്രട്ടറി	28-10-2024	31-03-2025
ശ്രീ അനീഷ് ലാൽ കെ എ	ഹെഡ്മാസ്റ്റർ, എൻ.എസ്.എസ്. ഗവ. എൽ.പി.സ്കൂൾ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25	1-1
2	ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല	1-1-1
3	മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല	1-1-2
4	ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല	1-1-3
5	31/03/2025 വരെയുള്ള ചെലവുകൾ 2024-25 വർഷം Payable ആയി അക്കൗണ്ട് ചെയ്തില്ല	1-1-4
6	Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-1-5
7	ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല	1-1-6
8	Capital Work In Progress ന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമല്ല	1-1-7
9	സഞ്ചിത മൂല്യശോഷണം ആസ്തിയേക്കൾ അധികരിച്ചിരിക്കുന്നു	1-1-8
10	റിഡംപ്ഷൻ തുക ക്രമീകരിച്ചിട്ടില്ല	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക വിശകലനം	1-3
13	ഗ്രാന്റ് വിനിയോഗം	1-4
14	വാർഷികപദ്ധതി അവലോകനം	1-5
15	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി .	1-6
16	സാമൂഹ്യസുരക്ഷാപദ്ധതികൾ	1-7
17	ക്യാഷ് ബാലൻസ് പരിശോധന	1-8
18	ആഭ്യന്തരനിയന്ത്രണ സംവിധാനം	1-9
19	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
20	കാലാവധി കഴിഞ്ഞ ചെക്കുകൾ പണമാകാതെ അവശേഷിക്കുന്നു	1-11
21	കറന്റ് അക്കൗണ്ടുകളിൽ ഗണ്യമായ തുക അവശേഷിക്കുന്നു	1-12
22	മൊബൈൽ ടവറിന്റെ വസ്തുനികുതി -കുടിശ്ശിക	1-13
23	ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചു	1-14
24	പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു	1-15
25	ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം	1-16
26	ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1- 17
27	സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-18
28	വിവിധ ആസ്തികളുടെ ലേലം - നടപടികൾ പൂർത്തീകരിച്ച വിവരങ്ങളില്ല	1-19
29	ഷോപ്പിങ് കോംപ്ലക്സ് കെട്ടിടം അപകടാവസ്ഥയിൽ	1-20
30	പാരാമെഡിക്കൽസ്ഥാപനങ്ങൾ രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്നു	1-21
31	കുട്ടികളുടെ പാർക്ക് - നക്ഷത്രോൽസവം - പൂർത്തിയായില്ല.	1-22-1
32	നക്ഷത്രജലോൽസവം ടൂറിസം ഫെസ്റ്റ് - അപാകതകൾ.	1-22-2
33	ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി- നക്ഷത്രജലോത്സവം - പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചില്ല	1-22
34	അക്രെഡിറ്റഡ് ഏജൻസി മുഖേനയുള്ള പ്രവൃത്തികൾ - സർക്കാർ ഉത്തരവ് പാലിച്ചില്ല.	1-23
35	കമ്പ്യൂട്ടർ പർച്ചേസ് - അപാകതകൾ.	1-24
36	കുടുംബാരോഗ്യകേന്ദ്രത്തിന് അധികമുറി - പ്രവർത്തനക്ഷമമായിട്ടില്ല.	1-25
37	ടേക്ക് എ ബ്രേക്ക് കുഴൽകിണർ പൂർത്തീകരണം - ബാലൻസ് തുക ലഭ്യമായില്ല.	1-26
38	വിവിധ പ്രോജക്റ്റ് ചെലവുകൾ - വിനിയോഗ വിവരമില്ല.	1-27
39	വിവിധ കുടിവെള്ളപദ്ധതികൾ - ഗുണഭോക്തൃസമിതികൾ രൂപീകരിച്ച് തുടർപ്രവർത്തനം ഉറപ്പുവരുത്തുന്നില്ല.	1-28
40	ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് കെട്ടിടനിർമ്മാണം-അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള നിർമ്മാണപ്രവൃത്തികളിലെ അപാകതകൾ	1-29
41	അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിലേക്ക് കൈമാറിയില്ല	1-30
42	ലൈഫ് ഭവനപദ്ധതി - അവലോകനം	1-31
43	വീട് വാസയോഗ്യമാക്കൽ - ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കാൻ ശേഷിക്കുന്നു.	1-32
44	ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല.	1-33
45	ജൽജീവൻ മിഷൻ - അവലോകനം.	1-34
46	ഹെൽത്ത് ഗ്രാന്റ് വിനിയോഗം.	1-35
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-2
3	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം	4-3
4	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ്	4-5
6	വായ്പ/വായ്പ തിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-9
10	ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	

2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25

1. വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 12.06.2025-ലെ 3-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 25.06.2025- ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രിക 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തീയതി : 14-10-2025 **ഡെപ്യൂട്ടി ഡയറക്ടർ**

1-1-1 ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

31/03/2025 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) ഡാറ്റാ സൂക്ഷിച്ചിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-78 പ്രകാരമുള്ള പഞ്ചായത്ത് ജനറൽ ഫണ്ട് മൂല്യം വ്യക്തമാക്കുന്ന രേഖകളും 31/03/2025 വരെയുള്ള ആകെ ജനറൽ ഫണ്ട് കണക്കാക്കിയതിന്റെ വിശദാംശവും (Calculation Sheet) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

1-1-2 മൂലധന നിക്ഷേപത്തിന്റെ മുന്നിരിപ്പ് വിശദാംശം ലഭ്യമല്ല

മൂലധന വർദ്ധനവ് (Capital Contribution) ശീർഷകത്തിലെ ആകെ തുകയായ കോടി 7.7 രൂപയുടെ മൂല്യത്തിൽ 6.1 കോടി ലക്ഷം രൂപ മുന്നിരിപ്പിന്റെ വിശദാംശം ലഭ്യമല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(3)(ബി) പ്രകാരം ഓരോ വർഷവും സുസ്ഥിര ആസ്തി സൃഷ്ടിക്കുന്ന ഗ്രാന്റ് ചെലവു മൂല്യം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്. 2024-25 വർഷത്തെ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. മുന്നിരിപ്പ് വിശദാംശം കൂടി രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01/04/2024 ൽ മുന്നിരിപ്പായുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖലകളിലായുള്ള 31/03/2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

പഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ എല്ലാം ക്രോഡീകരിച്ച ആസ്തി ഡേറ്റാബേസും (Asset Register/Database) വിവിധ നിർമ്മിതികളുടെയും സ്ഥാപനങ്ങളുടെയും റോഡുകളുടെയും സ്ഥാനം രേഖപ്പെടുത്തിയ റോഡ് കണക്റ്റിവിറ്റി മാപ്പും തയ്യാറാക്കി 31/03/2025 വരെയുള്ള ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-1-4 31/03/2025 വരെയുള്ള ചെലവുകൾ 2024-25 വർഷം Payable ആയി അക്കൗണ്ട് ചെയ്തില്ല

ജനപ്രതിനിധികളുടെ മാർച്ച്-2025 ലെ ഹോണറേറിയം, 31/03/2025 വരെയുള്ള കണ്ടിജന്റ് ചെലവുകൾ (ഉദാ: ഇലക്ട്രിസിറ്റി-വാട്ടർ ചാർജുകൾ) എന്നിവ 2024-25 ൽ Payable ആയി ക്രമീകരിച്ച് അക്കൗണ്ട് ചെയ്തില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം സാമ്പത്തിക വർഷ കാലയളവിലെ ചെലവുകൾ എല്ലാ വർഷാവസാനവും Payable ആയി ക്രമീകരിക്കേണ്ടതായിരുന്നു. തുടർവർഷം മുതൽ സാമ്പത്തിക വർഷാവസാനം വരെയുള്ള ചെലവുകൾ Payable ആയി അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-5 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിവിധ റിക്കവറികൾ ഒടുക്കാനുള്ളവയുടെ വിശദാംശവും ഇനം, ലഭിച്ച കാലയളവ് എന്നിവയും ലഭ്യമല്ല. രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-1-6 ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി 5 – Secured Loans, ബി 16 – Prepaid Expenses എന്നീ ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല. മേൽ വ്യത്യാസം പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ച ചെലവഴിക്കാത്ത വായ്പയാണെങ്കിൽ ആയത് പരിശോധിക്കേണ്ടതും വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

1-1-7 Capital Work In Progress ന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമല്ല

മരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് ബിൽ നൽകുമ്പോൾ ചെലവ് തുക Capital Work In Progress ആയി അക്കൗണ്ട് ചെയ്യുന്നതിനും അന്തിമ ബില്ലുകളുടെ ക്രമീകരണം നിരീക്ഷിക്കുന്നതിനും ബന്ധപ്പെട്ട Capital Work In Progress രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. 2024-25 വർഷം മേൽ

ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടുള്ള 10.82 ലക്ഷം രൂപയുടെ വിശദാംശം രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുണ്ട്. മുന്നിരിപ്പ് തുകയായ 15.2 ലക്ഷം രൂപ ഏതെല്ലാം പ്രവർത്തികളുടേതാണ് എന്ന് വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

1-1-8 സഞ്ചിത മൂല്യശോഷണം ആസ്തിയേക്കൾ അധികരിച്ചിരിക്കുന്നു

31.03.2025 ലെ ബാലൻസ് ഷീറ്റ് B-11(A) ഷെഡ്യൂൾ പ്രകാരം Vehicles എന്ന ഇനത്തിലെ സഞ്ചിത മൂല്യശോഷണം ആസ്തിയേക്കാൾ അധികരിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-1-9 റിഡംപ്ഷൻ തുക ക്രമീകരിച്ചിട്ടില്ല

ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് സംയുക്ത പദ്ധതിക്കായി വരവ് വന്നതിൽ ചെലവഴിക്കാതെ അവശേഷിക്കുകയും 2022-23 വർഷം റിഡംപ്ഷനായി സർക്കാർ തിരിച്ചെടുക്കുകയും ചെയ്ത 443933/- രൂപ ലഭ്യമാകാനുള്ള തുകയായി വാർഷിക ധനകാര്യപത്രികയുടെ B-15 ഷെഡ്യൂളിൽ നിലനിൽക്കുന്നുണ്ട്. കൂടാതെ 31.03.2021 ൽ റിഡംപ്ഷനായി പിടിക്കുകയും 04.04.2021 ൽ തിരികെ ലഭ്യമായതുമായ 2396803 രൂപ ലഭ്യമാകാനുള്ള തുകയായി B-15 ഷെഡ്യൂളിൽ നിലനിൽക്കുന്നുണ്ട്. മേൽ തുകകൾ ക്രമീകരിക്കേണ്ടതാണ്. കൂടാതെ റിഡംപ്ഷൻ തുകയിൽ നിലനിൽക്കുന്ന വ്യത്യാസം വിശദമാക്കേണ്ടതുമാണ്.

1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 08.02.2024 തീയതിയിലെ 1/ നം. തീരുമാനപ്രകാരം അംഗീകരിച്ചു. 13.03.2025 തീയതിയിലെ 13/1 നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള വരവുചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ്	പുതുക്കിയ ബജറ്റ്
മുന്നിരിപ്പ്	7999016	20882689
വരവ്	335200610	328250610
ആകെ	343199626	349133299
ചെലവ്	337249655	286707891
നീക്കിയിരിപ്പ്	5949971	21883644

ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവുകൾ നിലവിൽ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുക മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് വിവിധ മേഖലാടിസ്ഥാനത്തിൽ വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപ-ശീർഷകങ്ങളായി (Sub-Head) അലോട്ട്മെന്റുകൾ കൂടി കണക്കാക്കി വിഹിതങ്ങൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് നടപടികളിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-214, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-71 എന്നിവയിലെ വ്യവസ്ഥകൾ എല്ലാം പാലിക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീറ്റ് & പേമെന്റ് ഇൻകം & എക്സ്പെൻഡിച്ചർ പത്രികകളിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീപ്റ്റ് & പേമെന്റ് പത്രിക 2024-25

മുന്നിരിപ്പ്	33451559.41
ഓഡിറ്റ് വർഷത്തെ വരവ്	61340902
ആകെ	94792461.41
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	70972107
നീക്കിയിരിപ്പ്	23820354.41

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2024-25

ഓഡിറ്റ് വർഷത്തെ വരുമാനം(Income)	162588275
ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure)	160418680
പ്രവർത്തന മിച്ചം (Gross Surplus)	2169595
ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം	195773
അറ്റ പ്രവർത്തന ലാഭം (Net Surplus)	2365368
വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്)	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	82,25,663/-

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ)	ആകെ	ചെലവ്	നീക്കിയിരിപ്പ് /ലാപ്സായ തുക	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	0	16173000	16173000	16163950	9050	99.94
വികസനഫണ്ട് എസ്.സി.പി.	0	5708000	5708000	5708000	0	100
സംരക്ഷണഗ്രാന്റ് റോഡ്	0	7983000	7983000	7983000	0	100
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	6246000	6246000	6246000	0	100
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ്	1016428	6468606	7485034	6000500	1484534	80.16
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്	959093	2742778+163299* = 2906077	3865170	3589549	275621**	92.87
ഐ.സി.ഡി.എസ്	1515700	1942222	3457922	2000000	1457922***	57.83
ശുചിത്വമിഷൻ ഗ്രാന്റ്	5089	443544	448633	443544	5089	98.86
എം ജി എൻ ആർ ഇ ജി എസ്	669	1210934	1211603	1129992	81611	93.26
സാക്ഷരത	19351	0	19351	0	19351	0

ജലനിധി	2292688	65386	2358074	0	2358074	0
ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ)	42047	378878	420925	377000	43925	89.56
ഹെൽത്ത് ഗ്രാന്റ് (വെൽനസ് സെന്ററ്റേഴ്സ്)	6271	604990	611261	604000	7261	98.81
ഹെൽത്ത് ഗ്രാന്റ് (സബ് സെന്റർ, സി എച്ച് സി, പി എച്ച് സി)	3491000	92717	3583717	3430000	153717	95.71
ലൈഫ് സംസ്ഥാന വിഹിതം	60000	400000	460000	300000	160000	65.22
അവാർഡ് വിഹിതം	900000	700000	1600000	0	1600000	0

*163299 – ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിലെ ബാങ്ക് പലിശ
** ലാപ്സായ 8722 രൂപ ഉൾപ്പെടെ
*** ലാപ്സായ 3303 രൂപ ഉൾപ്പെടെ

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 2086349/- രൂപ, 49550/- രൂപ KURDFC വായ്പ തിരിച്ചടവ് ഇനത്തിലും അങ്കണവാടി ഹോണറേറിയം ഇനത്തിൽ 1007400/- രൂപയും ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ ഇത്തരത്തിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ്, സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ബാങ്ക് പലിശ ഇനത്തിൽ ലഭ്യമായ 163299/-രൂപ ഉൾപ്പെടെയുള്ള തുകയാണ് വരവായി ചേർത്തിരിക്കുന്നത്.
3. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied, Tied ഇനങ്ങളിൽ മുൻവർഷങ്ങളിലെ കുടിശ്ശിക തുകയിൽ പ്രകാരം യഥാക്രമം ലഭ്യമായ 8722 രൂപ, 3303 രൂപ ലാപ്സായി.
4. ജി എസ് റ്റി, ഇൻകംടാക്സ് ഇനങ്ങളിൽ അടവാക്കാനുള്ള തുകയും ചേർന്നുള്ള തുകയാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ടായ ഫെഡറൽ ബാങ്ക് അക്കൗണ്ടിൽ (B-17) ഉൾപ്പെട്ടിട്ടുള്ളത്.
5. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied, Tied ഇനങ്ങളിൽ ട്രഷറിയിൽ ലഭ്യമായതും പദ്ധതിച്ചെലവിൽ ഉൾപ്പെട്ടതുമായ തുകകൾ വരവായി അക്കൗണ്ട് ചെയ്യാത്തതിനാൽ യഥാക്രമം 8722 രൂപ , 3303 രൂപ എന്നിവയുടെ വ്യത്യാസം ബി4 ഷെഡ്യൂളിൽ മേൽ തുകകളുടെ നീക്കിയിരിപ്പിൽ പ്രതിഫലിക്കുന്നു.
6. ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ) ഇനത്തിൽ 2023-24 വർഷം നീക്കിയിരിപ്പായി 33675 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ യഥാർത്ഥ നീക്കിയിരിപ്പ് 42047 രൂപയാണ്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

1-5 വാർഷികപദ്ധതി അവലോകനം

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) മൂന്നാം വാർഷിക പദ്ധതിയ്ക്ക് (2024-25) വാഴൂർ ഗ്രാമപഞ്ചായത്തിന് ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം. 84898/24/DPC/DPO/KTM തീയതി 24-03-2025 പ്രകാരം അന്തിമഅംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷികപദ്ധതിയിൽ 104 സ്പിൽഓവർ പ്രോജക്ടുകളും 166 പുതിയ പ്രോജക്ടുകളും ഉൾപ്പടെ ആകെ 270 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 19,33,31,192/-രൂപയാണ്. വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

ആസൂത്രണസമിതി യോഗം	14-12-2023
വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത്	16-12-2023,26-6-24
പദ്ധതിരൂപീകരണ ഗ്രാമസഭകൾ	16-12-2023, 17-12-2023
വികസനസെമിനാർ	05-01-2024

<u>പദ്ധതിനിർവ്വഹണം</u>

ഗ്രാമപഞ്ചായത്തിന് വികസനഫണ്ട് , റോഡ് മെയിന്റനൻസ് ഗ്രാന്റ് എന്നിവ വളരെ ഫലപ്രദമായി മികവുറ്റ രീതിയിൽ വിനിയോഗിക്കാൻ സാധിച്ചുവെന്നത് അഭിനന്ദനാർഹമാണ്(100%) . അംഗീകാരം ലഭിച്ച 270 പ്രോജക്ടുകളിൽ 193 എണ്ണം മാത്രമാണ് നടപ്പാക്കിയത്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 8,76,12,612/- രൂപയാണ്. ചെലവ് 45.41%. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ പൂർണ്ണമായി നടപ്പാക്കാത്തതും ജലജീവൻമിഷൻ , നക്ഷത്രോത്സവം പ്രൊജക്റ്റുകൾക്ക് വകയിരുത്തിയിരുന്ന തുകകൾ വിനിയോഗിക്കാൻ സാധിക്കാതെ വന്നതു മൂലമാണ് ചെലവു ശതമാനം കുറയുന്നതിനിടയാക്കിയത്. മേല്പറഞ്ഞ വസ്തുതകൾ ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സമഗ്രവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്.

<u>നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും</u>

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

ക്രമ നം.	നിർവ്വഹണോ-ദ്യോഗസ്ഥർ	തയ്യാറാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം	നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം	അടങ്കൽ	ചെലവ്	ശതമാനം
1.	കൃഷി ഓഫീസർ	3	3	7,80,000/-	7,62,937/-	97.81
2.	വെറ്ററിനറി സർജൻ	3	3	9,40,000/-	5,39,922/-	57.43
3.	മെഡിക്കൽ ഓഫീസർ(എഫ്എച്ച്സി)	12	11	48,48,238/-	40,51,252/-	83.56
4.	മെഡിക്കൽ ഓഫീസർ(ആയുർവേദം)	6	6	8,12,055/-	7,86,960/-	96.9
5.	വിഇഒ	14	14	5,37,07,246/-	2,27,94,125/-	42.44

6.	ഐസിഡിഎസ് സൂപ്പർവൈസർ	13	11	63,53,223/-	47,56,350/-	74.87
7	ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	4	4	58,09,491/-	35,32,547/-	60.8
8.	സെക്രട്ടറി	56	38	5,72,56,610/-	1,26,03,111/-	22
9.	അസിസ്റ്റന്റ് എഞ്ചിനീയർ	142	87	5,91,67,014/-	3,44,64,608/-	58.24
10.	ഹെഡ്മാസ്റ്റർ	7	7	14,29,000/-	13,86,916/-	97.05
11.	അസിസ്റ്റന്റ്സെക്രട്ടറി	10	9	22,28,315/-	19,33,884/-	86.78
	ആകെ	**270**	**193**	**19,33,31,192/-**	**8,76,12,612/-**	**45.41**

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി തയ്യാറാക്കിയ പ്രോജക്റ്റുകൾക്കായി 22% തുക മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് വിവിധ പ്രോജക്കുകളിലൂടെ ആകെ 58.24% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. അസിസ്റ്റന്റ് എഞ്ചിനീയർക്ക് (എൽഐഡി&ഇഡബ്ല്യു) നിർവ്വഹണച്ചുമതലയുള്ള 142 പ്രോജക്കുകൾ വിഭാവനം ചെയ്യുവെങ്കിലും 87 എണ്ണം മാത്രമാണ് നടപ്പാക്കിയത്. തന്മൂലം പശ്ചാത്തല മേഖല ചെലവിലും ആകെ പദ്ധതിച്ചെലവിലും സാരമായ കുറവ് വരുകയുണ്ടായി. മറ്റ് നിർവ്വഹണോദ്യോഗസ്ഥർ എല്ലാവരും തന്നെ പദ്ധതി പ്രകാരമുള്ള പ്രോജക്റ്റുകൾ നടപ്പാക്കുന്നതിൽ അത്യന്തം ജാഗ്രതയോടെ പ്രവർത്തിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.

<u>സുലേഖ ചെലവ് പത്രികയിൽ പ്രോജക്റ്റ് ചെലവ് വിശദാംശങ്ങൾ പൂർണ്ണമായും ഉൾപ്പെട്ടിരുന്നില്ല</u>

2024-25 വർഷത്തെ സുലേഖ ചെലവ് പത്രിക പ്രകാരം ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളും ആയത് പ്രകാരമുള്ള ചെലവ് തുകകളും ഉൾപ്പെട്ടിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്റ്റ് നം. 302/25 ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ വൈദ്യുതീകരണവും അനുബന്ധപ്രവർത്തനങ്ങളും ചെലവ് -3,90,164/- (തനത് ഫണ്ട്)

2. പ്രോജക്റ്റ് നം. 303/25 വനിതാ ഫിറ്റ്നസ് സെന്റർ ഇലക്ട്രിഫിക്കേഷൻ ചെലവ് -89877/- (തനത് ഫണ്ട്)

3. പ്രോജക്റ്റ് നം. 215/25 ആനകുത്തിമല കെകെ റോഡ് 19-ാം മൈൽ റിങ്ങ് റോഡ് പുനരുദ്ധാരണം ചെലവ് -9,98,622/- (തനത് ഫണ്ട്)

4. പ്രോജക്റ്റ് നം. 199/25 15-ാംമൈൽ കരിപ്പേക്കല്ല് റോഡ് പുനരുദ്ധാരണം ചെലവ് -8,52,131/- (തനത് ഫണ്ട്)

മേൽ പറഞ്ഞ പ്രോജക്റ്റുകൾ പ്രകാരമുള്ള ചെലവ് തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാതിരുന്നതിന്റെ സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (26/1-8-25) മറുപടിയായി അറിവില്ലായ്മ മൂലം വന്ന പിഴവാണ് എന്നറിയിച്ചിട്ടുണ്ട്. നടപടിക്രമങ്ങളിൽ അതീവ ശ്രദ്ധപുലർത്തേണ്ടതാണ്.

<u>സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുക 21,075/- രൂപ മാത്രം- അഭിനന്ദനാർഹം</u>

സർക്കാർ ഗ്രാന്റുകളെല്ലാം തന്നെ 100%ചെലവ് കൈവരിച്ചുവെന്നത് പദ്ധതി നിർവ്വഹണത്തിലെ കൂട്ടായ പ്രവർത്തനങ്ങളിലേയ്ക്ക് വിരൽ ചൂണ്ടുന്നു. ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ മാത്രമാണ് വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	നീക്കിയിരിപ്പ് /ലാപ്സായ തുക
വികസനഫണ്ട്പൊതുവിഭാഗം	9050
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്	8722
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ്	3303
ആകെ	21,075/-

അസിസ്റ്റന്റ് എഞ്ചിനീയർ ഏറ്റെടുത്ത റോഡ്/റോഡിതര പുനരുദ്ധാരണ പ്രവൃത്തികൾ മുഴുവനും നടപ്പാക്കിയത് നിർവ്വഹണോദ്യോഗസ്ഥയുടെയും ഭരണസമിതിയുടെയും ഭാഗത്തുനിന്നുള്ള ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾ വെളിവാക്കുന്നു.

<u>മോണിറ്ററിംഗ്</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്കുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ടും പ്രോജക്ട് പൂർത്തീകരണപത്രവും അതാത് പ്രോജക്ട് ഫയലിൽ സൂക്ഷിക്കാത്തതിനാൽ പ്രോജക്കുകളുടെ നിർവ്വഹണത്തിലൂടെ കൈവരിക്കാൻ കഴിഞ്ഞ ഭൗതീക നേട്ടം രേഖാപരമായി ഉറപ്പാക്കാൻ സാധിക്കുന്നില്ല.

<u>1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി .</u>

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം 2024-25 വർഷം 100 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 16 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 129 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 96 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 55 പ്രവൃത്തികൾ പൂർത്തിയാക്കി. 29337തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 193 അയൽക്കൂട്ടങ്ങളും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 499 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. 60.36 തൊഴിൽ ദിനങ്ങൾ ശരാശരി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം , തോടുകളുടെ നവീകരണം തുടങ്ങിയ പ്രോജക്കുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൊഴിലുറപ്പു പദ്ധതി കാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്		669/-
വരവ്	ഇ.എഫ്.എം.എസ്. വരവ്	14030972/-
	ക്യാഷ് വരവ് (ബാങ്ക് പലിശ ഉൾപ്പടെ)	1210934/-
	പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള അഡ്വാൻസ്	1049426/-
ആകെ വരവ്		**16292001/-**
ചെലവ്	തൊഴിലാളികളുടെ വേതനം	9950790/-
	വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം	920503/-
	സാധന വില, വാടക, ബാങ്ക് ചാർജ്	3159679/-
	ഭരണ ചെലവുകൾ	1049426/-

	പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചത്	1129992/-
ആകെ ചെലവ്		16210390/-
	നീക്കിയിരിപ്പ്	81611/-

ബാലൻസ് നില്ക്കുന്ന തുക മുൻകൂർ നൽകിയ തുകയിൽ ക്രമീകരിച്ച് പഞ്ചായത്ത് ഫണ്ടലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്.

1-7 സാമൂഹ്യസുരക്ഷാപദ്ധതികൾ

2024-25 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
വാർദ്ധക്യകാലപെൻഷൻ	38734300	2643
കർഷകതൊഴിലാളി പെൻഷൻ	3214800	199
വിധവാപെൻഷൻ	13304500	870
വികലാംഗപെൻഷൻ	3691500	240
50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	639400	33
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	30000	1

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.07.2025 ന് 3.00 പി എം ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 6778/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിൽ ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലിവിഭജനം നടത്തിയിട്ടുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വാർഷിക കണക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ വളരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതി കുടിശിക ഈടാക്കാനുള്ള തീവ്രശ്രമങ്ങളുണ്ടായിട്ടുണ്ട്. വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീ, വാടക എന്നിവയുടെ പിരിവ് കാര്യക്ഷമമാക്കിയതിലൂടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ മികച്ച നേട്ടം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	04/21 മുതൽ 12/21 വര	12.07.2022 വരെ	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	12/2017	2017-18	എൽ.ബി.എ (എച്ച്.ക്യൂ) I W BA 175/18തീ 04.01.2019

1-11 കാലാവധി കഴിഞ്ഞ ചെക്കുകൾ പണമാകാതെ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വാഴൂർ ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കിലുള്ള തനതുഫണ്ട് അക്കൗണ്ടിന്റെ 2025 മാർച്ച് മാസത്തെ റീക്കൺസിലിയേഷൻ പത്രിക പ്രകാരം (A/C.No. 40562100000523) 29.03.2023 ലെ 12201066279 നമ്പർ രസീത് പ്രകാരം നിക്ഷേപിച്ച (റിലൈൻസ് മൊബൈൽ ടവറിന്റെ വസ്തുനികുതി) 17959 രൂപയുടെ ചെക്ക് (നം.315972/24.03.2023) നാളിതുവരെ പണമാകാതെ അവശേഷിക്കുന്നതായി കാണുന്നു. Reserve Bank Of India യുടെ DBOD.AML BC.No.47/ 14.01.001/2011-12 സർക്കുലർ പ്രകാരം ചെക്കുകളുടെ കാലാവധി 3 മാസം ആണ്. പ്രസ്തുത ചെക്ക് തുക നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ വരവ് വരാത്തതിന് വിശദീകരണവും സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(11/29-7-25) സമർപ്പിച്ച മറുപടിയിൽ ടി ചെക്ക് ബാങ്കിൽ ബൗൺസ് (Returned Check) ആയതിനാൽ പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ആയില്ലെന്നും ടി തുക അടവാക്കുന്നതിനായി റിലൈൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് നു കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. എന്നാൽ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരം ഡിമാന്റ് തുക ക്രമീകരിക്കുന്നതിനുള്ള തുടർ നടപടികൾ ഈ വിഷയത്തിൽ സ്വീകരിച്ചിട്ടില്ല. റിലൈൻസ് ഇൻഫ്രാടെൽ ലിമിറ്റഡിൽ നിന്നും പ്രസ്തുത തുകയും പിഴപ്പലിശയും ബാങ്ക് ചാർജ്ജും ഉൾപ്പെടെ ലഭ്യമാകാത്ത പക്ഷം ചെക്ക് ബൗൺസായ വേളയിൽ തന്നെ നടപടി സ്വീകരിക്കാതിരുന്ന ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാദ്ധ്യതയായി മാറുന്നതാണ്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 കറന്റ് അക്കൗണ്ടുകളിൽ ഗണ്യമായ തുക അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് ഓൺലൈൻ പണമിടപാടുകൾക്കായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചാമംപതാൽ ശാഖയിൽ 42258589351 നമ്പറിൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് പ്രവർത്തനങ്ങൾ കെ സ്മാർട്ടിലോട്ട് മാറിയതിനു ശേഷം ഈ അക്കൗണ്ടിൽ പണമിടപാടുകളൊന്നും നടക്കുന്നില്ല. ഫെഡറൽ ബാങ്കിന്റെ പുളിക്കൽകവല ശാഖയിലെ 12150100101533 ആം നമ്പർ അക്കൗണ്ടാണ് നിലവിൽ ഫ്രണ്ട് ഓഫീസ് ഓൺലൈൻ പണമിടപാട് സേവനങ്ങൾക്കായി ഉപയോഗിക്കുന്നത്. എസ്.ബി.ഐ അക്കൗണ്ടിൽ 31.05.2025ലെ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം 11,08,621 രൂപ നീക്കിയിരിപ്പുണ്ട്. പഞ്ചായത്തിലെ ഇ-പേയ്മെന്റ് പണമിടപാടുകൾക്കായി എസ്.ബി.ഐ ചാമംപതാൽ ശാഖയിൽ ആരംഭിച്ചിട്ടുള്ള കറന്റ് അക്കൗണ്ടിലും സമാനമായി 31.05.2025 ന് 16,61,237 രൂപ നിലനിൽക്കുന്നു. പലിശരഹിതവും ബാങ്ക് ചാർജ് ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടുകളിൽ ഗണ്യമായ തുക നിലനിർത്തുന്നത് പഞ്ചായത്തിന് സാമ്പത്തികനഷ്ടം സൃഷ്ടിക്കുന്നുണ്ട്. ആയതിനാൽ ടി തുകകൾ ഭരണസമിതിതീരുമാനത്തിനു വിധേയമായി ഹ്രസ്വകാല സ്ഥിരനിക്ഷേപം പലിശ ലഭ്യമാകുന്ന പഞ്ചായത്ത് തനതുഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-13 മൊബൈൽ ടവറിന്റെ വസ്തുനികുതി -കുടിശ്ശിക

സഞ്ചയ സോഫ്റ്റ് വെയറിൽ ക്രോഡീകരിക്കപ്പെട്ട വിവരങ്ങളനുസരിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ 20 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ താഴെപ്പറയുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശികയാണ്.

ക്രമ നം.	വാർഡ് / വാതിൽ നമ്പർ	ഉടമസ്ഥന്റെ പേര്	വർഷം	വസ്തു നികുതി ഇനത്തിലെ കുടിശ്ശിക
1	III/ 360	ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ്	2013-14 ഒന്നാം അർദ്ധവർഷം മുതൽ 2024-25 രണ്ടാം അർദ്ധവർഷം വരെ	282620

മേൽ മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/31.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വർഷങ്ങളായുള്ള കുടിശ്ശിക നിലനിൽക്കുന്നതിനാൽ കുടിശ്ശിക തുക ഈടാക്കുന്നതിന് സത്വര നിയമ നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

1-14 ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6, പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതി നിരക്കുകളിൽ വർദ്ധനവും ഇളവും നിശ്ചയിച്ചിട്ടുണ്ട്.

റോഡിന്റെ തരം	ബാധകമായ നിരക്ക് വ്യതിയാനം
5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ	20 % നികുതി വർദ്ധനവ്
1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ	നികുതി വർദ്ധനവോ ഇളവോ ഇല്ല.
1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ	10 % നികുതി ഇളവ്
പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ	20 % നികുതി ഇളവ്

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിന് പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	ഉടമസ്ഥൻ	റോഡിന്റെ പേര്	പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം)
1	I/ 524 A	സജി കെ ചാക്കോ	പൂവത്തുംകുഴി ഇടക്കരപ്പടി റോഡ്	1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
2	I/ 525 A	സൂസി വർഗ്ഗീസ്		5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്
3	II/ 302 A	ജേക്കബ് പുന്നൂസ്	പതിനഞ്ചാംമൈൽ കരിപ്പക്കല്ല് റോഡ്	5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്
4	II/ 303 A	വർഗ്ഗീസ് വി ചാക്കോ		1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
5	III/ 335 A	ജിഷ കെ സോമൻ	എൻ എച്ച് വൈരമല റോഡ്	1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
6	III/ 367 A	മാത്യു		5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്
7	IV/ 231 A	ജോസഫ് തോമസ്	ചെങ്കല് തച്ചപ്പുഴ റോഡ്	5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്
8	IV/ 238 B	ജയ്മോൻ		1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
9	V/ 42 A	ജോസഫ് തോമസ്	നീറിയാങ്കമറ്റം മൂലയിൽ തോട് റോഡ്	5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്

10	V/ 42 B	കെ ടി ജോസഫ്		1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്

ഇപ്രകാരം ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ നികുതി നിർണയത്തിന് പരിഗണിച്ചതിലൂടെ നികുതി നഷ്ടം സംഭവിച്ചതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/31.07.2025) മറുപടി ലഭ്യമാക്കിയില്ല. ഏതാനും ഉദാഹരണം മാത്രമാണ് മുകളിൽ നൽകിയിട്ടുള്ളത്. ഇപ്രകാരം അപാകതയുള്ള മറ്റ് കെട്ടിടങ്ങളുടെ കൂടി വസ്തു നികുതി നിർണ്ണയിച്ചത് പരിശോധിക്കേണ്ടതും അപാകത പരിഹരിച്ച് വസ്തു നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-15 പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ ഉപയോഗക്രമമനുസരിച്ച് വസ്തു നികുതി നിരക്ക് വ്യത്യാസപ്പെട്ടിരിക്കുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായി കാണുന്നു. ഉദാഹരണം താഴെ കൊടുക്കുന്നു.

ക്രമ നം	കെട്ടിട നം	സ്ഥാപന ഉടമയുടെ പേര്	നിലവിലെ ഉപയോഗക്രമം
1	VI/ 77 A	സെൽവരാജ് രാജയ്യൻ	എസ് എസ് സിമന്റ് വർക്സ്

ഇപ്രകാരം പാർപ്പിടാവശ്യത്തിനായി കുറഞ്ഞ നിരക്കിൽ (ച.മീറ്ററിന് 8 രൂപ നിരക്ക്) നികുതി നിർണ്ണയിച്ചശേഷം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/31.07.2025) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്ന വേളയിൽ കെട്ടിടത്തിന്റെ തരം സംബന്ധിച്ച പരിശോധന നടത്തേണ്ടതും ഉപയോഗക്രമമനുസരിച്ച് നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-16 ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം

ഗ്രാമപഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203 (എ) വകുപ്പ് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 40 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 50 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. ഇപ്രകാരം വസ്തുനികുതി കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട ഉടമയുടെ പേര്	കെട്ടിട നമ്പർ	വിസ്തീർണ്ണം (ച.മീ)
സലിംകുമാർ കാരക്കാട്ടുവടക്കേതിൽ	III/ 452 A	25
	III/ 452 B	20
	III/ 452 C	20
	III/ 452 D	36
	III/ 452 E	20
	III/ 452 F	36
	III/ 452 G	36
	III/ 452 H	24
	III/ 452 I	36
	ആകെ	253 ച.മീ.
സജീവ് എസ് പുളിങ്കുന്നേൽ	III/ 587 A	92.93
	III/ 587 B	9.93
	III/ 587 C	13.91
	III/ 587 D	55.96
	ആകെ	172.73ച.മീ.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/31.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-17 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2024-25 സാമ്പത്തിക വർഷം വാഴൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനം	അർദ്ധ വർഷം
1	ടെക്നിക്കൽ അസിസ്റ്റന്റ് വാഴൂർ ഗ്രാമപഞ്ചായത്ത്	1,2
2	പ്രോജക്ട് അസിസ്റ്റന്റ് വാഴൂർ ഗ്രാമപഞ്ചായത്ത്	1,2
3	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പുളിക്കൽ കവല ശാഖ	2
4	വെറ്റിനറി ഡിസ്പെൻസറി വാഴൂർ	2
5	വെറ്റിനറി സബ് സെന്റർ വാഴൂർ	2
6	ബി എസ് എൻ എൽ വാഴൂർ	1,2
7	മാവേലി സ്റ്റോർ	2
8	വിദ്യാനന്ദ വിദ്യാഭവൻ	2

9	അമൃതം പ്രകൃതി ജീവന കേന്ദ്രം	1,2
10	അച്ചൂസ് ഇൻഡസ്ട്രീസ്	2
11	മാഗ്നം റബർ ഇൻഡസ്ട്രീസ്	1
12	അബിസൺ പോളിമേഴ്സ്	1,2
13	പുതുശ്ശേരി ഫ്യൂവൽസ്	2
14	വിശ്വ ആയുർവേദിക് സെന്റർ	2
15	ഐശ്വര്യ ബ്രിക്സ്	1,2
16	ശക്തി ഇൻഡസ്ട്രീസ്	1,2
17	ഏഞ്ചൽ റബ്ബർ ഇൻഡസ്ട്രീസ്	2

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/31.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന്റെ അതത് സാമ്പത്തികവർഷത്തെ വരുമാനമായതിനാൽ നികുതി പിരിവിൽ കുടിശ്ശിക നിലനിൽക്കുന്നത് പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി അക്രു ചെയ്യാത്ത വരവിനമായതിനാൽ അതിന്റെ കുടിശ്ശിക ധനകാര്യ പത്രികയുടെ B-15 പട്ടികയിൽ പ്രതിഫലിക്കില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കുടിശ്ശികത്തുക ഈടാക്കൽ നടപടികൾ നിരീക്ഷിക്കാൻ സംവിധാനമില്ലാത്തതുമാണ്. ആയതിനാൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഒപ്പം തന്നെ കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

1-18 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2024-25 സാമ്പത്തിക വർഷം വാഴൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കായിട്ടില്ല.

ക്രമ നം.	സ്ഥാപനം	അർദ്ധവർഷം
1	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കങ്ങഴ	1
2	ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക്	2
3	മുത്തൂറ്റ് ഫിൻകോർപ്പ്	1
4	ബി എസ് എൻ എൽ	1, 2
5	അഞ്ചാനി പ്ലാസ്റ്റിക്സ്	1
6	അഞ്ചാനി ട്യൂബിംഗ്സ്	1
7	മാഗ്നം റബ്ബർ ഇൻഡസ്ട്രീസ്	1
8	ചൈതന്യ ഫ്യൂവൽസ്	1
9	പുതുശ്ശേരി ഫ്യൂവൽസ്	1, 2
10	കാനം ക്ഷീരോല്പാദക സഹകരണ സംഘം	1, 2
11	കൊടുങ്ങൂർ ക്ഷീരോല്പാദക സഹകരണ സംഘം	1, 2

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/31.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-19 വിവിധ ആസ്തികളുടെ ലേലം - നടപടികൾ പൂർത്തീകരിച്ച വിവരങ്ങളില്ല

ഗ്രാമപഞ്ചായത്ത് ആസ്തികളുടെ ലേലവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. വാഴൂർ ഗ്രാമപഞ്ചായത്ത് 4-ാം വാർഡിൽ 17-ാം മൈൽ ഭാഗത്ത് സ്വകാര്യവ്യക്തിയുടെ പറമ്പിൽ മുറിച്ചിട്ടിരിക്കുന്ന ആഞ്ഞിലി, വാഴൂർ വലിയ തോട്ടിൽ കടക്കുഴി ഭാഗത്ത് വീണുകിടക്കുന്ന ആഞ്ഞിലി എന്നീ മരങ്ങളും, വാഴൂർ ഗ്രാമപഞ്ചായത്തിൽ 4-ാം വാർഡിലെ തോട്ടു പുറമ്പോക്കിലും, 14-ാ ാം വാർഡിൽ ഷൺമുഖ വിലാസം ഗവൺമെന്റ് എൽ പി സ്കൂൾ പരിസരത്തും നിൽക്കുന്ന ആഞ്ഞിലി, മാവ്, താന്നി എന്നീ മരങ്ങളും പരസ്യമായി ലേലം ചെയ്യുന്നതിന് വിവിധ തീയതികളിലെ യോഗത്തിൽ ഭരണ സമിതി തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനപ്രകാരം 14.03.24, 09.07.24, 19.07.24, 13.12.24, 20.02.25 എന്നീ തീയതികളിൽ ടി മരങ്ങളുടെ ലേലം നടന്നുവെങ്കിലും ആരും തന്നെ പങ്കെടുക്കാതിരുന്നതിനാൽ തടികൾ ലേലം ചെയ്തുനൽകുവാൻ സാധിച്ചിട്ടില്ല.തടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നമ്പർ	ഇനം	ചുറ്റളവ്/ബി എച്ച്(സെ.മി)	മരം കിടക്കുന്ന സ്ഥലം	നിരതദ്രവ്യം
1	ആഞ്ഞിലി	180	4-ാം വാർഡിൽ 17 -ാംമൈൽ ഭാഗത്ത് സ്വകാര്യവ്യക്തിയുടെ പുരയിടം	6000
2	ആഞ്ഞിലി1	180	വാഴൂർ വലിയതോട്ടിൽ കടക്കുഴി ഭാഗത്ത് വീണുകിടക്കുന്ന ആഞ്ഞിലി മരം	5000
	ആഞ്ഞിലി2	145		2000
3	ആഞ്ഞിലി	330	4-ാം വാർഡിൽ ശ്രീ.എം.കെ ഗോപി, മറ്റപ്പള്ളിൽ	3500

			എന്നയാളുടെ വീടിന് മുൻപിൽ തോട്ടു പുറമ്പോക്കിൽ	
4	താന്നി	306	ഷൺമുഖ വിലാസം ഗവൺമെന്റ് എൽ പി സ്കൂൾ കോമ്പൗണ്ട്	2300
5	മാവ്	202	ഷൺമുഖ വിലാസം ഗവൺമെന്റ് എൽ പി സ്കൂൾ കോമ്പൗണ്ട്	300

സെക്രട്ടറിയെ ചുമതലപ്പെടുത്തിയ ടി ലേലങ്ങളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12/29.07.2025) സമർപ്പിച്ച മറുപടിയിൽ 30.07.2025 നു ടി മരങ്ങളുടെ ലേലം നടത്തിയെന്നും എന്നാൽ വാല്യൂവേഷൻ തുക കൂടുതലായതിനാൽ ലേലത്തിൽ ആരും പങ്കെടുത്തില്ലയെന്നു അറിയിച്ചു .വനം- വന്യജീവി വകുപ്പിന്റെ 13.12.2024-ലെ ജി.ഒ(ആർ.ടി) 526/2024 നമ്പർ ഉത്തരവ് പ്രകാരം മരം മുറിച്ചു മാറ്റൽ, മൂല്യനിർണയം, ലേലനടപടികൾ തുടങ്ങി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറെ സങ്കീർണത സൃഷ്ടിച്ചിരുന്ന വിഷയങ്ങൾക്ക് സർക്കാർ വിശദമായ പൊതുമാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2. വാഴൂർ ഗ്രാമപഞ്ചായത്തിലെ ഗവ. ആയുർവേദ ആശുപത്രിയുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പഴയ കെട്ടിടത്തിൽ നിന്നും പൊളിച്ചുനീക്കപ്പെട്ട ഉപയോഗ ശൂന്യമായ കട്ടിളകൾ, ജനാലകൾ, ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണത്തിന്റെ ഭാഗമായി നീക്കം ചെയ്ത ഷട്ടറുകൾ , ബ്ലോക്ക്പടി അങ്കണവാടി പകൽവീട് എന്നീ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി നീക്കം ചെയ്ത ആസ്ബറ്റോസ് ഷീറ്റുകൾ എന്നിവ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്യുന്നതിന് ഭരണസമിതി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്(1/7-06.09.2024). എന്നാൽ ടി ലേലങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലേലരജിസ്റ്ററിലോ ഫയലുകളിലോ ലഭ്യമല്ല. തുടർനടപടികളുടെ വിവരങ്ങൾ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12/29.07.2025) സമർപ്പിച്ച മറുപടിയിൽ വാല്യൂവേഷൻ ലഭ്യമാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയെന്നും എന്നാൽ മറുപടി ലഭ്യമായിട്ടില്ലാത്തതിനാൽ തുടർനടപടികൾ നടത്താൻ സാധിച്ചിട്ടില്ല എന്നുമാണ് അറിയിച്ചിരിക്കുന്നത്. ഒരേ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന ഘടക സ്ഥാപന മേധാവിയിൽനിന്ന് മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ഇത്ര നാളത്തെ കാലവിളംബം ഉണ്ടായെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ആസ്തികളുടെ വാല്യൂവേഷൻ റിപ്പോർട്ട് ലഭ്യമാക്കി ആസ്തികൈയൊഴിയാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-20 ഷോപ്പിങ് കോംപ്ലക്സ് കെട്ടിടം അപകടാവസ്ഥയിൽ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 30 വർഷത്തിലേറെ പഴക്കമുള്ളതും സാങ്കേതികവിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാരം അൺഫിറ്റ് ആയതുമായ പഴയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം നിലവിൽ വ്യാപാരികളുടെയും പൊതുജനത്തിന്റെയും സുരക്ഷയ്ക്ക് ഭീഷണി ഉയർത്തുകയാണ്. ഈ 3 നില ഷോപ്പിങ് കോംപ്ലക്സ് കെട്ടിടത്തിന്റെ മുകളിലെ നിലയിൽ ചോർച്ച ഉണ്ടാകുകയും കോൺക്രീറ്റ് അടർന്നു വീഴുകയും ചെയ്തതിനെ തുടർന്ന് 6 വർഷം മുൻപ് അറ്റകുറ്റപ്പണി നടത്തുവാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിരുന്നു. എന്നാൽ ടി കെട്ടിടത്തിന്റെ പില്ലറുകളും ബീമുകളും ബലക്ഷയമുള്ളതാണെന്നും അറ്റകുറ്റപണിനടത്താതെ കെട്ടിടം പൊളിച്ച് നീക്കണമെന്നുമുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നിർദ്ദേശത്തെ തുടർന്ന് അറ്റകുറ്റപണികൾ നടന്നില്ല. സാങ്കേതിക വിഭാഗത്തിന്റെ 17.18.2020 ലെ A-3694/19 നമ്പർ സ്റ്റെബിലിറ്റി റിപ്പോർട്ടിൽ കെട്ടിടത്തിന്റെ പടിഞ്ഞാറുവശത്തെ കോൺക്രീറ്റ് തൂണിന്റെ പ്രധാന ഇരുമ്പ് കമ്പികൾ പൂർണമായും നശിച്ചതും, പുറത്തുവന്നതുമായ അവസ്ഥയിലാണെന്ന് പരാമർശിച്ചിരുന്നതാണ്. ഇവയെ വലയം ചെയ്തിരുന്ന STIRRUPS തുരുമ്പ് എടുത്ത് പൂർണമായും നശിക്കുകയും ,കോൺക്രീറ്റ് തൂണുകളിലെല്ലാം 12mm വരെ വലുപ്പത്തിലുള്ള ആഴമേറിയ വിള്ളലുകൾ ഉണ്ടായിട്ടുള്ളതായും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിലെ കടമുറികൾ ഒഴിപ്പിച്ച് അത് പൊളിക്കുന്നതിന് കുത്തകക്കാർക്ക് നോട്ടീസ് നൽകിയെങ്കിലും കെട്ടിടം പൊളിച്ചുമാറ്റാനുള്ള നീക്കത്തിനെതിരെ വ്യാപാരികൾ കോടതിയെ സമീപിക്കുകയാണുണ്ടായത്. കെട്ടിടം പൊളിക്കുന്നത് വ്യാപാരികളുടെ ജീവിതോപാധിയെ സാരമായി ബാധിക്കുമെന്നതിനാൽ താഴത്തെനില നിർത്തിക്കൊണ്ട് ഒന്നും രണ്ടും നിലകൾ പൊളിച്ച് മാറ്റുന്നതിനെ സംബന്ധിച്ച് പരിശോധിച്ച് സാങ്കേതികവിഭാഗത്തിന്റെ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഉചിതതീരുമാനം സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരം നൽകി കേസ് തീർപ്പാക്കിയിരുന്നു. തുടർന്ന് കെട്ടിടത്തിന്റെ സ്ട്രക്ചറൽ സ്റ്റബിലിറ്റി സംബന്ധിച്ച് തിരുവനന്തപുരം ബാർട്ടൻഹിൽ സാങ്കേതിക വിദഗ്ദ വിഭാഗം സ്ഥല പരിശോധന നടത്തുകയും കെട്ടിടം റിട്രോഫിറ്റ് ചെയ്യാൻ പ്രായോഗികമല്ലെന്നും, നിലവിൽ ഉപയോഗത്തിന് അനുയോജ്യമല്ലെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ റിപ്പോർട്ട് നിലവിൽ ലഭ്യമായിട്ടില്ല. കെട്ടിടത്തിന്റെ കോൺക്രീറ്റ് ഭാഗങ്ങൾ താഴേക്ക് വീണുള്ള അപകടം ഒഴിവാക്കാൻ പഞ്ചായത്ത് ഇരുമ്പ് വലകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കെട്ടിടത്തിന്റെ മുൻപിൽ വാഹനങ്ങൾ പാർക്കുചെയ്യാതിരിക്കാനും, കാൽനടക്കാർ സുരക്ഷിതമായി എതിർവശത്തു കൂടി നടക്കുവാൻ നിർദ്ദേശം നൽകുന്ന ബോർഡുകൾ കെട്ടിടത്തിനോട് ചേർന്ന് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾ ജനങ്ങൾ പാലിക്കുന്നില്ല. കെട്ടിടത്തോട് ചേർന്ന് പൊതുശൗചാലയവും കാർഷിക വിപണിയും പ്രവർത്തിച്ച് വരുന്നു.

നിലവിലെ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തിന്റെ പഴയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം വ്യാപാരികൾക്കും പൊതുജനത്തിനു ഗുരുതരമായ സുരക്ഷാഭീഷണിയാണ് ഉണ്ടാക്കുന്നത്. ജീർണ്ണാവസ്ഥയിലെന്ന് സാങ്കേതിക വിഭാഗം സാക്ഷ്യപ്പെടുത്തിയിരുന്ന ചില പൊതു കെട്ടിടങ്ങൾ അടുത്ത കാലത്ത് തകർന്ന് വീണ് മരണം വരെ സംഭവിച്ച വിഷയങ്ങൾ മാധ്യമങ്ങൾ അതീവ ഗൗരവത്തോടെ റിപ്പോർട്ട് ചെയ്ത് പൊതുജന ചർച്ചകൾക്കും ശിക്ഷാനടപടികൾക്കും ഹേതുവായതാണ്. ഗ്രാമപഞ്ചായത്തുവക കെട്ടിടം Unfit എന്ന് റിപ്പോർട്ട് ലഭിച്ച് 5 വർഷങ്ങൾക്കുശേഷവും കോടതി നിർദ്ദേശം കൂടി പാലിച്ച് പൊളിച്ചു നീക്കാത്ത നടപടി അനഭിലഷണീയമായ നടപടികൾ ക്ഷണിച്ചുവരുത്തുന്നതാണ്. ആയതിനാൽ കോടതി ഉത്തരവിനു അനുസൃതമായി പഞ്ചായത്ത് അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതും പൊതുജനസുരക്ഷ ഉറപ്പാക്കേണ്ടതുമാണ്.

1-21 പാരാമെഡിക്കൽസ്ഥാപനങ്ങൾ രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്നു

1999 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടം 3(2) പ്രകാരം 200/- രൂപ ഫീസ് ഒടുക്കി രജിസ്ട്രേഷൻ എടുക്കേണ്ടതും ചട്ടം 5(1) പ്രകാരം 50/- രൂപ ഫീസ് ഒടുക്കി എല്ലാ വർഷവും പുതുക്കേണ്ടതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ 2024-25 സാമ്പത്തിക വർഷം ചട്ടങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തതയോ പുതുക്കിയതായോ കാണുന്നില്ല.

. ഡോ.ശ്രുതീസ് ഹോമിയോ ക്ലിനിക്
. ടൂത്ത് ലൈഫ് ഡെന്റൽ ക്ലിനിക്
. വളയനാട്ട് ഡെന്റൽ ക്ലിനിക്

. സിമിലിയ ഹോമിയോ ക്ലിനിക്
. ശാന്തിഗിരി ആയുർവേദ വൈദ്യശാല
. എവർഷൈൻ ഡെന്റൽ ക്ലിനിക്
. ധന്വന്തരി മർമ്മചികിത്സാലയം
. മൈക്രോലാബ് ലബോറട്ടറീസ്

മേൽ സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കാൻ അനുവദിച്ച നടപടിക്ക് വിശദീകരണം ആവിശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/29.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ അനുമതി കൂടാതെ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-22-1 കുട്ടികളുടെ പാർക്ക് - നക്ഷത്രോൽസവം - പൂർത്തിയായില്ല.

പ്രോജക്ട് നമ്പർ, പേര്	S0183/2025, കുട്ടികളുടെ പാർക്ക് - നക്ഷത്രോൽസവം
അടങ്കൽ, ഫണ്ടിനം	756860/- (വികസനഫണ്ട് ജനറൽ) 210000/- (കേന്ദ്രാവിഷ്കൃതവിഹിതം) 200000/- (തനത് ഫണ്ട്) 500000/- (ബ്ളോക്ക് വിഹിതം) 500000/- (ജില്ലാപഞ്ചായത്ത് വിഹിതം)
ചെലവ്, ബിൽ നമ്പർ, തീയതി	190000/- (വികസനഫണ്ട് ജനറൽ) 46/15.03.2025
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

വാഴൂർ വലിയതോട്ടിൽ പൊത്തൻപ്ളാക്കൽ ചെക്ക്ഡാമിനോട് ചേർന്ന് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കുട്ടികളുടെ മാനസിക , കായിക ഉല്ലാസത്തിനും വികസനത്തിനും തയ്യാറാക്കുന്ന പാർക്കിൽ കളിയുപകരണങ്ങൾ, വൈദ്യുതി വിളക്കുകൾ എന്നിവ സ്ഥാപിക്കുകയും പശ്ചാത്തലവികസന സൗകര്യമൊരുക്കലുമാണ് മേൽ പ്രോജക്ട് പ്രകാരം വിഭാവനം ചെയ്തിരുന്നത്. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 9.10.2024 ലെ 1(6) നമ്പർ തീരുമാനപ്രകാരം നിർമ്മിതി കേന്ദ്രത്തെ പദ്ധതിനിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തു. പ്രസ്തുത സമയത്ത് കളിയുപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി ഏറ്റെടുക്കുവാൻ നിർമ്മിതി കേന്ദ്രത്തിന് അംഗീകാരമില്ലായിരുന്നുവെങ്കിലും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ- ഓർഡിനേഷൻ സമിതിയുടെ 30.01.2025 ലെ യോഗത്തിലെ 4.6 നമ്പർ തീരുമാനപ്രകാരം ആയതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്ത നടപടിക്ക് തദ്ദേശ സ്വയംഭരണവകുപ്പിന്റെ 19.3.2025 ലെ സ.ഉ (സാധാ) നമ്പർ 739/2025 പ്രകാരം സാധൂകരണവും ലഭിച്ചു .

നിർമ്മിതി കേന്ദ്രം 950000/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും 28.11.2024 ൽ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട് എസ്റ്റിമേറ്റ് തുകയുടെ 20% ആയ 190000/- വികസനഫണ്ടിൽ നിന്നും മുൻകൂർ കൈപ്പറ്റിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകിയിട്ടുള്ള പക്ഷം രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 3/28.7.2025) നൽകുകയുണ്ടായി. ബ്ളോക്ക്, ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ ലഭ്യമാകുമെന്ന് കരുതിയാണ് വലിയ തുക അടങ്കലായി ഉൾപ്പെടുത്തിയതെന്നും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്നും മറുപടി ലഭ്യമാക്കി. പ്രവൃത്തി പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 190000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22-2 നക്ഷത്രജലോൽസവം ടൂറിസം ഫെസ്റ്റ് - അപാകതകൾ.

പ്രോജക്ട് നമ്പർ, പേര്	S0075/25, നക്ഷത്രജലോൽസവം ടൂറിസം ഫെസ്റ്റ്
അടങ്കൽ, ഫണ്ടിനം	500000/- (തനത് ഫണ്ട്) 100000/- (സ്ഥാപനത്തിൽ അടയ്ക്കുന്ന തുക)
	ആകെ = 600000/-
ചെലവ്, ബിൽ നമ്പർ, തീയതി	274000/- (തനത് ഫണ്ട് 174000/-, 100000/- മറ്റുള്ളവ) (വൗച്ചർ നമ്പർ 22401048/24.12.24 = 25000/- വൗച്ചർ നമ്പർ 22401242/27.1.25 = 95000/- ചെക്ക് നമ്പർ 489664/28.2.25 = 40000/- വൗച്ചർ നമ്പർ 22401271/4.2.25 = 100000/- വൗച്ചർ നമ്പർ 22401268/4.2.25 = 14000/-)
	ആകെ = 274000/-
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

ഒരു വില്ലേജിൽ ഒരു ടൂറിസം കേന്ദ്രം ആരംഭിക്കണമെന്ന സംസ്ഥാന വിനോദസഞ്ചാര വകുപ്പിന്റെ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ വാഴൂർ വലിയതോട്ടിൽ പൊത്തൻപ്ളാക്കൽ ചെക്ക്ഡാം കേന്ദ്രീകരിച്ച് 23.12.2024 മുതൽ 28.12.2024 വരെ വിനോദസഞ്ചാരപരിപാടികൾ നടത്തിയതിന്റെ ചെലവുകളാണ് മേൽ പ്രോജക്ട് പ്രകാരം നടത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 17.12.2024 ലെ 1(6) നമ്പർ തീരുമാനപ്രകാരം ശ്രീ ഹരിലാൽ കെ.കെ , കൃഷ്ണവിലാസം എന്ന വ്യക്തിയെ ആഘോഷപരിപാടികളുടെ ജനറൽ കൺവീനറായി

തെരഞ്ഞെടുത്തു. ഫയൽ പരിശോധിച്ചതിൽ കൺവീനർ ചുവടെ ചേർക്കും പ്രകാരം ബില്ലുകൾ സമർപ്പിച്ച് പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടുള്ളതായി കണ്ടു.

ഇനം	തുക
ഉച്ചഭാഷിണി, അലങ്കാര വിളക്ക്	120000/-
പന്തൽ, സ്റ്റേജ്	40000/-
ഡീസൽ ചാർജ്	20000/-
കലാപരിപാടികൾ	50000/-
ഭക്ഷണം	10000/-
തുഴച്ചിൽ ഫീസ്	20000/-
പ്രിന്റിംഗ്	14000/-
ആകെ	274000/-

പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മേൽ പട്ടികയിൽ പരാമർശിക്കുന്ന ചെലവുകളിൽ കലാപരിപാടികൾ ഇനത്തിൽ ചെലവഴിച്ച 50000/- രൂപയ്ക്ക് ആധാരമായ ചെലവ് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) ജനറൽ കൺവീനറായ ശ്രീ ഹരിലാൽ കെ.കെ , കൃഷ്ണവിലാസം 75000/- രൂപ രസീത് നമ്പർ 1240102838/ 30.12.2024 പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ആഘോഷപരിപാടികളുടെ ഭാഗമായി നടത്തിയ പിരിവ് തുകയാണ് ഗ്രാമപഞ്ചായത്തിൽ അടവാക്കിയത്. വിവിധ രസീതുകൾ , കൂപ്പണുകൾ പ്രകാരം തുക പിരിച്ചതിന്റെ രേഖകൾ , രസീതുകളുടെ / കൂപ്പണുകളുടെ സ്റ്റോക്ക് , ബാലൻസ് എന്നിവ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ എന്നിവ ഓഡിറ്റിന് ലഭ്യമായില്ല.

3) വരവു ചെലവ് കണക്കുകൾ ക്രോഡീകരിച്ച് ആഘോഷക്കമ്മറ്റിയും ഭരണസമിതിയും അംഗീകരിച്ചതിന്റെ രേഖകൾ ലഭ്യമായില്ല.

4) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.4.2022 ലെ സ.ഉ (കൈ) നമ്പർ 84/2022 പ്രകാരമുള്ള വാർഷികപദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 14 പ്രകാരം അതാത് വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ട് മോണിട്ടർ ചെയ്യേണ്ടതാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/28.7.2025) മറുപടി ലഭ്യമായില്ല. മേൽ പരാമർശിത അപാകതകൾക്ക് നിലനിൽക്കുന്നതിനാൽ 274000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>1-22 ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി- നക്ഷത്രജലോത്സവം - പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചില്ല</u>

വിനോദസഞ്ചാരത്തിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു ടൂറിസം ഡെസ്റ്റിനേഷൻ എങ്കിലും തദ്ദേശസ്ഥാപനത്തിൻ കീഴിൽ വികസിപ്പിക്കുന്നതിനായിരുന്നു ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി വിഭാവനം ചെയ്തിരുന്നത്. വാഴൂർ ഗ്രാമപഞ്ചായത്തിലെ പൊത്തൻ പ്ലാക്കൽ നക്ഷത്ര ജലോത്സവം പദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഡിപിആർ പ്രകാരം 99,99,500/- രൂപയുടെ ഭരണാനുമതി നൽകി ടൂറിസം വകുപ്പ് ഡയറക്ടർ ഉത്തരവായിരുന്നു (ടൂറിസം വകുപ്പ് ഡയറക്ടറുടെ 14-12-22 ലെ പി2-18733/2022 നമ്പർ ഉത്തരവ്). പ്രസ്തുത ഉത്തരവ് പ്രകാരം വിനോദസഞ്ചാരവകുപ്പിന്റെ വിഹിതം 50 ലക്ഷം രൂപയും ഗ്രാമപഞ്ചായത്ത് വിഹിതം 49,99,500/-രൂപയുമായിരുന്നു. ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയാൽ മാത്രമേ ടൂറിസം വകുപ്പിന്റെ വിഹിതം അനുവദിക്കൂവെന്നും പദ്ധതിയുടെ പൂർത്തീകരണ കാലാവധി 12 മാസമായിരിക്കുമെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 2-5-2023 ന് ടൂറിസം വകുപ്പു ഡയറക്ടറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി കരാറിലേർപ്പെട്ടിരുന്നു.

18-4-23 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 1/6 നമ്പർ തീരുമാനപ്രകാരം പിഎംസി ആയി പ്രവൃത്തി ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചതിൽ സെന്റേജ് ചാർജ്ജ് കുറഞ്ഞനിരക്ക് (7.45%) ക്വാട്ട് ചെയ്ത SILK നെ നിർവ്വഹണ ഏജൻസിയായി തെരെഞ്ഞെടുത്തു. (2-6-23 തീയതിയിലെ 8-ാം നമ്പർ തീരുമാനം).

195m നീളത്തിൽ പേവർ ബ്ലോക്ക് പതിപ്പിച്ച് നടപ്പാത നിർമ്മിക്കുക, ഹാൻഡ് റെയിലുകൾ, സൈൻ ബോർഡുകൾ സ്ഥാപിക്കുക 6.5m നീളത്തിൽ റാമ്പ് സ്ഥാപിക്കുക, 7.78mx6.92m അളവിൽ ടോയ്ലറ്റ് കോംപ്ലക്സുകൾ സ്ഥാപിക്കുക, എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നു. പദ്ധതി പ്രദേശത്ത് സ്ട്രീറ്റ് ലൈറ്റുകൾ, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, ഗാർഡനിങ്, കുട്ടികളുടെ പാർക്ക്, ഓപ്പൺ ജിം എന്നിവയും പ്രസ്തുത എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു.

എന്നാൽ പദ്ധതി പ്രദേശത്തേയ്ക്ക് നിർമ്മാണസാമഗ്രികൾ കൊണ്ടുപോകാൻ പര്യാപ്തമായ റോഡ് സൗകര്യം ഇല്ലാതിരുന്നതിനാൽ നിലവിലുള്ള പാലത്തിന്റെ അപകടാവസ്ഥ ചൂണ്ടിക്കാട്ടി ആവശ്യമായ വഴി സൗകര്യം ഒരുക്കിയാൽ മാത്രമേ നിർവ്വഹണം ഏറ്റെടുക്കാൻ സാധിക്കൂവെന്ന് SILK 24-8-2023 ന് സെക്രട്ടറിയെ അറിയിക്കുയുണ്ടായി. അതിനാൽ ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിങ് വിഭാഗം മുഖേനയാണ് തുടർവർഷങ്ങളിൽ വിവിധ പ്രോജക്റ്റുകൾ പ്രകാരം നിർമ്മാണപ്രവൃത്തികൾ നടത്തിയത്.

2024-25 വർഷം നടപ്പാക്കിയ പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം. 259/25 സംരക്ഷണഭിത്തി നിർമ്മാണവും കൈവരി സ്ഥാപിക്കലും ചെലവ് 9,50,287/- (തനത് ഫണ്ട്)

2 പ്രോജക്ട് നം. 264/25 കുട്ടികളുടെ പാർക്ക് ചെലവ്- 4,19,458/-(വികസനഫണ്ട്)

3 പ്രോജക്ട് നം. 266/25 വയോജനങ്ങൾക്ക് പ്രഭാതസായാഹ്ന വിശ്രമകേന്ദ്രം - ചെലവ്9,13,310(ജില്ലാപഞ്ചായത്ത് വിഹിതം)

4 പ്രോജക്ട് നം. 183/25 കുട്ടികളുടെ പാർക്ക് - ചെലവ് 1,90,000/-(വികസനഫണ്ട്- പൊതുവിഭാഗം)

2024-25 വർഷം ചെലവഴിച്ച ആകെ തുക = 24,73,055/-

പദ്ധതിയുടെ ഘടകങ്ങളിൽ മാറ്റം വന്നതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കേണ്ടതാണെന്നും പുരോഗതി റിപ്പോർട്ട്, ലഭിച്ച ഫണ്ടിന്റെ സ്രോതസ്സ് എന്നിവ ലഭ്യമാക്കാനും 05.06.25 ലെ വിനോദ സഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ ഡി.ഡി.കെ.റ്റി.എം 1022/2023 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. ടൂറിസം വകുപ്പ് ഡയറക്ടറുമായി ഏർപ്പെട്ട കരാറിന്റെ കാലാവധി 1-5-2024ൽ പൂർത്തിയായെങ്കിലും. പുതുക്കിയിരുന്നില്ല. കരാർ പുതുക്കാതിരുന്നാൽ ടൂറിസം വകുപ്പിൽ നിന്നും ലഭ്യമാകാനുള്ള തുകയും നഷ്ടമാവാൻ സാധ്യതയുണ്ട്. നടപ്പാതയുടെയും കൈവരിയുടെയും നിർമ്മാണം 90% പൂർത്തിയായതായി സെക്രട്ടറി ടൂറിസം ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം19/1-8-25) മറുപടി ലഭ്യമാക്കിയിട്ടില്ല.

ടൂറിസം വകുപ്പിന്റെ ഭരണാനുമതി ലഭിച്ച ഡിപിആർ ൽ നിന്നും വ്യതിചലിച്ച് പ്രോജക്റ്റ് തയ്യാറാക്കി നടപ്പാക്കിയതിന് ടൂറിസം വകുപ്പിൽ നിന്നും ഭരണാനുമതി വാങ്ങിയിരുന്നില്ല. 45 ലക്ഷത്തിലധികം രൂപ നാളിതുവരെ ചെലവഴിച്ചിരുന്നുവെങ്കിലും പദ്ധതി പ്രദേശത്ത് നടപ്പാത നിർമ്മിക്കുക, കൈവരി, റാമ്പ് എന്നിവ സ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ശേഷിക്കുന്ന പ്രവൃത്തികളായ ടോയ്ലറ്റ് കോംപ്ലക്സുകൾ സ്ഥാപിക്കുക, സ്ട്രീറ്റ് ലൈറ്റുകൾ, ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, ഗാർഡനിങ്, കുട്ടികളുടെ പാർക്ക്, ഓപ്പൺ ജിം സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ടൂറിസം വകുപ്പിൽ നിന്നും ഭരണാനുമതി ലഭ്യമാക്കേണ്ടതാണ്. കാലാവധി കഴിഞ്ഞ കരാർ ,പുതുക്കുവാൻ നടപടി സ്വീകരിക്കേണ്ടതും ടൂറിസം വകുപ്പിൽ നിന്നും ലഭ്യമാകാനുള്ള തുക (50ലക്ഷം) രൂപ ലഭ്യമാക്കി തുടർ പ്രവർത്തനങ്ങളിലൂടെ നടത്തി പദ്ധതി ലക്ഷ്യം കൈവരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-23 അക്രെഡിറ്റഡ് ഏജൻസി മുഖേനയുള്ള പ്രവൃത്തികൾ - സർക്കാർ ഉത്തരവ് പാലിച്ചില്ല.

പ്രോജക്റ്റ് നമ്പർ,പേര്	S00222/25, ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഡോറുകൾ മാറ്റി സ്ഥാപിക്കലും എസി ഉൾപ്പെടെയുള്ള ഭൗതികസൗകര്യങ്ങൾ ഏർപ്പെടുത്തലും (സ്പിൽ ഓവർ)
അടങ്കൽ തുക	660000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് = 153833/- തനത് ഫണ്ട് = 506167/-)
ചെലവ് തുക, ബിൽ, വൗച്ചർ നമ്പർ, തീയതി	575737/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് = 69570/- (787/25.3.2025) തനത് ഫണ്ട് = 506167/- 22400856/6.11.2024)
നിർവ്വഹണം	സെക്രട്ടറി

ഗ്രാമപഞ്ചായത്ത് ഓഫീസിലെ വാതിലുകൾ മാറ്റി സ്ഥാപിക്കൽ, എ സി ഉൾപ്പെടെയുള്ള ഭൗതികസൗകര്യങ്ങൾ ഏർപ്പെടുത്തൽ, അതുമായി ബന്ധപ്പെട്ട വൈദ്യുതീകരണം എന്നിവ നടപ്പാക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രത്തെ നോൺ PMC ആയി പ്രവൃത്തി ഏൽപ്പിക്കുകയും സിവിൽ വർക്കിനായി 7.41 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ഇലക്ട്രിഫിക്കേഷനായി 0.84 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ഉൾപ്പെടെ ആകെ 8.25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 06-02-24 ന് നിർമ്മിതി കേന്ദ്രം നൽകുകയും ചെയ്തിട്ടുണ്ട്. അക്രെഡിറ്റഡ് ഏജൻസി വഴി പ്രവൃത്തികൾ നടത്തുമ്പോൾ നിലവിൽ ബാധകമായ സ ഉ (അച്ചടിച്ചത്)നം 67/2021 ഫിൻ തീ 28-04-2021 പ്രകാരം Cost Effective Work കൾ Non PMC ആയി ചെയ്യുന്നതിനാണ് കോട്ടയം നിർമ്മിതി കേന്ദ്രത്തിന് അർഹതയുള്ളത്. ആയതിൽ ഉൾപ്പെടാത്ത വൈദ്യുതീകരണമുൾപ്പെടെയുള്ള പ്രവൃത്തികൾ നിർമ്മിതി കേന്ദ്രം മുഖാന്തിരം നടപ്പിലാക്കിയത് ക്രമപ്രകാരമല്ല. 8.25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസി ഹാജരാക്കുകയും 20% തുകയായ 165000/- രൂപ മുൻകൂറായി 2023-24 വർഷം നിർമ്മിതി കേന്ദ്രത്തിന് കൈമാറുകയും ചെയ്തിരുന്നു. തൻവർഷം പ്രവൃത്തി പൂർത്തീകരിച്ച് 5,75,737/- രൂപ സ്ഥാപനത്തിന് കൈമാറുകയും ചെയ്തു (ആകെ പ്രവൃത്തി മൂല്യം 8% സെന്റേജ് ചാർജും 18% ജി.എസ്.റ്റിയും ഉൾപ്പെടെ 740737/- രൂപ). വൈദ്യുതീകരണവും എ.സി സ്ഥാപിക്കലും ഉൾപ്പെടെയുള്ള പ്രവൃത്തികൾ നിർവ്വഹിക്കാൻ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അക്രെഡിറ്റേഷനുള്ള പക്ഷം ആയതിന്റെ സർക്കാർ ഉത്തരവ് സഹിതം മറുപടി ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (നമ്പർ 7/29.7.2025) നൽകുകയുണ്ടായി. ഫ്രണ്ട് ഓഫീസിലെ വാതിലും ഇരിപ്പിടസൗകര്യങ്ങളും ഫർണ്ണിഷിംഗും നിർമ്മിതികേന്ദ്രം മുഖാന്തിരം നിർവ്വഹിച്ചുവരുകയായിരുന്നെന്നും ഇലക്ട്രിഫിക്കേഷന് വേണ്ടി പ്രത്യേക എസ്റ്റിമേറ്റ് എടുത്ത് നിർവ്വഹിക്കുന്നത് കാലതാമസം ഉണ്ടാക്കും എന്നതിനാലാണ് പ്രസ്തുത വർക്കും നിർമ്മിതിയെ ഏൽപ്പിച്ചത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്. പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചെന്നും ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി അംഗീകരിക്കുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതും തുടർവർഷങ്ങളിൽ നടപടിക്രമങ്ങൾ പാലിച്ച് പദ്ധതി നിർവ്വഹിക്കേണ്ടതുമാണ്.

1-24 കമ്പ്യൂട്ടർ പർച്ചേസ് - അപാകതകൾ.

പ്രോജക്റ്റ് നമ്പർ, പേര്	S0091/2025, പഞ്ചായത്ത് ഓഫീസിലേക്കും ഘടകസ്ഥാപനങ്ങളിലേക്കും കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും വാങ്ങൽ
അടങ്കൽ, ഫണ്ടിനം	155400/- [100000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് 55400/- തനത് ഫണ്ട്]
ചെലവ്, ബിൽ നമ്പർ, തീയതി	153829/- [ധനകാര്യകമ്മീഷൻ ഗ്രാന്റ് = 100000/- (വൗച്ചർ നമ്പർ 22401665/28.3.2025) തനത് ഫണ്ട് = 53849/- (വൗച്ചർ നമ്പർ 22401513/17.3.25)]
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

ഗ്രാമപഞ്ചായത്ത് ഓഫീസിലേക്കും ഘടകസ്ഥാപനങ്ങളിലേക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രോജക്റ്റ് പ്രകാരം ജെം പോർട്ടലിൽ നിന്ന് 100000/- രൂപ ചെലവഴിച്ച് 2 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളും കെൽട്രോണിൽ നിന്നും 53849/- രൂപ ചെലവഴിച്ച് മറ്റൊരു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറും വാങ്ങിയിരുന്നു. വൗച്ചർ നമ്പർ 22401513/17.3.25 പ്രകാരം 53849/- രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. എന്നാൽ കെൽട്രോൺ സമർപ്പിച്ച ഇൻവോയ്സ് പ്രകാരം (നമ്പർ 04155/ITP/25-26/10.7.2025) ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറിന്റെ വില 51283/- രൂപയാണ്. അധികമായി 2566/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8/29.7.2025) അധികമായി നൽകിയ തുക തിരികെ ഈടാക്കാൻ കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. അധികമായി കെൽട്രോണിന് നൽകിയിയ 2566/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-25 കുടുംബാരോഗ്യകേന്ദ്രത്തിന് അധികമുറി - പ്രവർത്തനക്ഷമമായിട്ടില്ല.

പ്രോജക്റ്റ് നമ്പർ, പേര്	S0291/25, കുടുംബാരോഗ്യകേന്ദ്രത്തിന് അധികമുറി നിർമ്മാണവും

	അനുബന്ധസൗകര്യം ഒരുക്കലും
അടങ്കൽ തുക	1200000/- (തനത് ഫണ്ട് = 151000/- റോഡിതര സംരക്ഷണഗ്രാന്റ് = 1049000)
ചെലവ് തുക, ബിൽ, വൗച്ചർ നമ്പർ, തീയതി	1196296/- [തനത് ഫണ്ട് = 147296/- (739/19.3.2025) റോഡിതര സംരക്ഷണഗ്രാന്റ് = 1049000/- (49/2024-25 , 21.3.2025)]
നിർവ്വഹണം	സെക്രട്ടറി

വാഴൂർ ഗ്രാമ പഞ്ചായത്തിന്റെ കുടുംബാരോഗ്യകേന്ദ്രത്തിന് എം. എൽ.എ യുടെ ആസ്ഥി വികസനഫണ്ട് ഉപയോഗിച്ച് മുൻവർഷങ്ങളിൽ പുതിയ കെട്ടിടം പണിതിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ ഒന്നാം നിലയിൽ അധികമുറി നിർമ്മിച്ച് അനുബന്ധസൗകര്യം ഒരുക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. അക്രെഡിറ്റഡ് ഏജൻസിയായ നിർമ്മിതികേന്ദ്രം മുഖാന്തിരം പ്രവൃത്തി നിർവ്വഹിക്കാൻ തീരുമാനിക്കുകയും നിർമ്മിതികേന്ദ്രം 1500000/- രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തു. 15.3.2024 ൽ സ്ഥാപനവുമായി കരാറിലേർപ്പെടുകയും കരാർ തുകയായ 1500000/- രൂപയുടെ 20% ആയ 300000/- രൂപ നിർമ്മിതികേന്ദ്രത്തിന് കൈമാറുകയും ചെയ്തു. തൻവർഷം സ്ഥാപനം 14,96,296/- രൂപയുടെ ഫൈനൽ ബിൽ സമർപ്പിക്കുകയും മുൻകൂർ നൽകിയ 300000/- രൂപയും നികുതികളും കുറവ് വരുത്തി 11,32,895/- രൂപ നൽകുകയും ചെയ്തു. 1.08.2025 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിടം നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല എന്ന് കണ്ടു. നിർമ്മിതി കേന്ദ്രം സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരം ജനലുകൾ, വാതിലുകൾ എന്നിവയുടെ ഷട്ടർ കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്നു. ടി പ്രവൃത്തികൾ നിർവ്വഹിക്കാതെ തന്നെ ടിയിനങ്ങൾ ഒഴിവാക്കി നിർമ്മിതി കേന്ദ്രത്തിന് ഫൈനൽ ബില്ല് നൽകിയതായി കാണുന്നു. ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം എം ബുക്ക് ഉപരിപരിശോധന നടത്തിയതായി കാണുന്നില്ല. കെട്ടിടത്തിന് ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാനുമുണ്ട്. തൻവർഷം ഇലക്ട്രിഫിക്കേഷന് പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. അപാകതകൾ ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നമ്പർ 24/2.8.2025) നൽകിയതിന് മറുപടി ലഭ്യമായില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. നിർമ്മാണ പ്രവൃത്തി യഥാവിധി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ 11,96,296/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 ടേക്ക് എ ബ്രേക്ക് കുഴൽകിണർ പൂർത്തീകരണം - ബാലൻസ് തുക ലഭ്യമായില്ല.

പ്രോജക്ട് നമ്പർ, പേര്	S0335/25, ടേക്ക് എ ബ്രേക്ക് കുഴൽകിണർ പൂർത്തീകരണം.
അടങ്കൽ, ഫണ്ടിനം	51140/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
ചെലവ്, ബിൽ നമ്പർ, തീയതി	51140/- 403/15.11.24
നിർവ്വഹണോദ്യോഗസ്ഥൻ	ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

വഴിയോര വിശ്രമ കേന്ദ്രത്തിലേക്ക് ജലലഭ്യത ഉറപ്പ് വരുത്തുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ആയതിലേക്കായി ഭൂജല വകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം 2023 -24 വർഷം 182000/ - രൂപയും തൻവർഷത്തെ 51140/- രൂപയും ഉൾപ്പെടെ ആകെ 233140/- രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ഭൂജല വകുപ്പിന്റെ 9.6.2025 ലെ GWK/1100/2023 നമ്പർ വിനിയോഗസാക്ഷ്യപത്രം പ്രകാരം പ്രവൃത്തിയുടെ ആകെ ചെലവ് 210337/- രൂപയാണ്. ബാക്കിയായ 22803/- രൂപ ഭൂജല വകുപ്പിൽ നിന്നും തിരികെ ലഭ്യമായിട്ടുള്ളപക്ഷം വിവരം അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 4/28.7.2025) നൽകുകയുണ്ടായി. തുക തിരികെ ലഭിച്ചില്ലെന്നും അത് ലഭ്യമാക്കുന്നതിന് 15.7.2025 ൽ കത്ത് നൽകിയിട്ടുണ്ടെന്നുമാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. 22803/- രൂപ ഭൂജല വകുപ്പിൽ നിന്നും തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-27 വിവിധ പ്രോജക്ട് ചെലവുകൾ - വിനിയോഗ വിവരമില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

പ്രോജക്ട് നമ്പർ, പേര്	അടങ്കൽ, ഫണ്ടിനം	ബിൽ നമ്പർ, വൗച്ചർ നമ്പർ,തീയതി	ചെലവ് തുക	തുക കൈമാറിയ സ്ഥാപനം
S0073/2025 കിഴക്കേടത്ത് കുടിവെള്ള പദ്ധതി പൂർത്തീകരണം	1050000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് - 700000 തനത് ഫണ്ട്- 350000/-)	22401341/27.1.2025 = 700000/- 22401242/4.2.2025 = 350000/-	1050000/-	ഭൂജലവകുപ്പ്, കോട്ടയം
S0057/2025 അമ്പലം കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം പൂർത്തീകരണം	400000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് - 300000 തനത് ഫണ്ട്- 100000/-)	22401339/7.2..2025 = 300000/- 22401183/23.1.2025 = 100000/-	400000/-	ഭൂജലവകുപ്പ്, കോട്ടയം
S0298/2025 മംഗലത്ത്കുന്ന് എസ്.സി സങ്കേതം കുടിവെള്ള പദ്ധതി കുഴൽ കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കൽ	251961/- വികസനഫണ്ട് (എസ്.സി.പി)	40/10.3.2025	251961/-	ഭൂജലവകുപ്പ്, കോട്ടയം
S0352/2025 മംഗലത്ത്കുന്ന് എസ്.സി സങ്കേതം കുടിവെള്ള പദ്ധതി പൂർത്തീകരിക്കൽ	134471/- വികസനഫണ്ട് (എസ്.സി.പി)	47/18.3.2025	134471/--	ഭൂജലവകുപ്പ്, കോട്ടയം
S0108/2025 വാഴൂർ കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് സോളാർ പാനൽ വാങ്ങൽ	1189760/- ധനകാര്യകമ്മീഷൻ ഗ്രാന്റ് -	634/6.3.2025	1189760/-	അനെർട്ട്.
		ആകെ	30,26,192/-	

പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5/28.7.2025) സമർപ്പിച്ച മറുപടിയിൽ അവ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 30,26,192/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-28 വിവിധ കുടിവെള്ളപദ്ധതികൾ - ഗുണഭോക്തൃസമിതികൾ രൂപീകരിച്ച് തുടർപ്രവർത്തനം ഉറപ്പുവരുത്തുന്നില്ല.

വാഴൂർ ഗ്രാമപഞ്ചായത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ നോഡൽ ഏജൻസിയായി വാട്ടർ അതോറിറ്റി, കേരള റൂറൽ വാട്ടർ സപ്ലൈ &സാനിട്ടേഷൻ എന്നിവരുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളതാണ്. . 22-7-2020 ലെ 1(5) നമ്പർ തീരുമാന പ്രകാരം വാഴൂർ ഗ്രാമപഞ്ചായത്തും ജൽജീവൻ മിഷന്റെ ഭാഗമായിരുന്നു. എന്നിരുന്നാലും ഗ്രാമപഞ്ചായത്ത് 2024-25 വർഷം വിവിധ കുടിവെള്ള പ്രൊജക്റ്റുകൾക്കായി താഴെപറയുന്ന രീതിയിൽ തുക ചെലവഴിച്ചിരുന്നു. പ്രസ്തുത പ്രോജക്റ്റുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ തത്സ്ഥിതി വിവരങ്ങൾ ആരാഞ്ഞതിന് (ഓഡിറ്റ് എൻക്വയറി നം 20/1-8-25)ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്റ്റ് നം &പേര്	ചെലവഴിച്ച തുക	ചെയ്ത പ്രവൃത്തികൾ	ലഭ്യമായ വിവരം
1	S0238/25 മൂലയിൽ കുടിവെള്ള പദ്ധതി	ചെലവ് 3,10, 935/- (CFC)	7.5HP Openwell Submersible Pump സ്ഥാപിക്കൽ,	പദ്ധതി സുഗമമായി പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്.
2	S0236/25 തേക്കാനം കുടിവെള്ള പദ്ധതി	അടങ്കൽ -7,00,000/- (CFC) ചെലവ്- 92746/-	വാട്ടർ ടാങ്ക് നിർമ്മാണത്തിനായുള്ള പ്രോജക്റ്റ് - കോളം നിർമ്മിച്ച് പാർട് ബിൽ നല്കിയിട്ടുണ്ട്.	ടാങ്ക് നിർമ്മാണം പൂർത്തിയായി വരുന്നു. പദ്ധതി സുഗമമായി പ്രവർത്തിച്ച് വന്നിരുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.
3	S0049/25 മൈലാടുപാറ കുടിവെള്ള പദ്ധതി	അടങ്കൽ -3,26,015/- (CFC)+ 1,50,000(തനത്) ചെലവ്- 2,30,479/- (CFC)	5000Lവാട്ടർ ടാങ്ക്, 63mm HDPE വിതരണപൈപ്പ് സ്ഥാപിക്കൽ എന്നിവയായിരുന്നു പ്രോജക്റ്റ് - പൈപ്പ് സ്ഥാപിച്ച് പാർട് ബിൽ നൽകിയിട്ടുണ്ട്.	കിണറിന്റെ ആഴം കൂട്ടാൻ ഉണ്ട്. ആയതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.
4	S0218/25 പാറാംതോട് കുടിവെള്ള പദ്ധതി	അടങ്കൽ -7,00,000/- (ജില്ലാപഞ്ചായത്ത്)+ 10,000/-(തനത്) ചെലവ്- 5,29,892/- (ജില്ലാപഞ്ചായത്ത്)	63mm, 75mm PVC വിതരണലൈനുകൾ സ്ഥാപിച്ച് പാർട് ബിൽ നൽകിയിരുന്നു.	കിണർ, പമ്പിങ്ങ് മെയിൻ, ടാങ്ക്, മോട്ടോർ, എന്നിവ ജൽജീവൻ മിഷൻ മുഖേന പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട്. സുഗമമായി പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്.
5	S0071/25 തത്തംപള്ളിക്കുന്ന് കുടിവെള്ള പദ്ധതി	അടങ്കൽ -8,00,000/- (ജില്ലാപഞ്ചായത്ത്)+ 5,00,000/- (ബ്ലോക്ക് പഞ്ചായത്ത്)+1 0,000/-(തനത്) ചെലവ്-8,00,000/- (ജില്ലാപഞ്ചായത്ത്)	63mm,50mm, 75mm, 90mm PVC വിതരണലൈനുകൾ, 63mm HDPE 10000L വാട്ടർ ടാങ്ക് എന്നിവ സ്ഥാപിച്ച് പാർട് ബിൽ നൽകിയിരുന്നു.	പമ്പിങ്ങ് മെയിൻ , മോട്ടോർ, എന്നിവ നിർമ്മാണഘട്ടത്തിലാണ്.
6	S0254/25 തേക്കാനം -നരിയങ്കൽ കോളേജ് അങ്കണവാടി കുടിവെള്ള പദ്ധതി	അടങ്കൽ - 4,43,096/- (CFC)+ 1,06,904(തനത്) ചെലവ്- 4,43,096/- (CFC)+ 81817/-(തനത്ഫണ്ട്)	രണ്ട് 5HP മോട്ടോറുകൾ, പാനൽബോർഡ് അനുബന്ധ ഉപകരണങ്ങൾ എന്നിവസ്ഥാപിച്ചിട്ടുണ്ട്.	പദ്ധതി സുഗമമായി പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

മേൽപറഞ്ഞ കുടിവെള്ള പ്രോജക്റ്റുകൾ ഏറ്റെടുത്ത വേളയിൽ അതിലൂടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തി ഗുണഭോക്തൃസമിതി രൂപീകരിച്ച് അറ്റകുറ്റപ്പണിയുടെയും തുടർ നടത്തിപ്പിന്റെയും ചുമതല ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ നിർവ്വഹണം ആരംഭിക്കാൻ പാടുള്ളൂ എന്ന സർക്കാർ നിർദ്ദേശം പാലിച്ചിരുന്നോയെന്നത് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയില്ല. കൂടാതെ പ്രോജക്റ്റ് ഫയലുകളിൽ എസ്റ്റിമേറ്റിന് ഒപ്പം കുടിവെള്ള പ്രോജക്റ്റുകളുടെ തത്സ്ഥിതി വിശദീകരിക്കുന്ന വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. ഏറ്റെടുക്കുന്ന കുടിവെള്ള പ്രോജക്റ്റുകൾക്ക് വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും ഗുണഭോക്തൃസംഘം രൂപീകരിച്ച് കരാർ മുഖേന കൈമാറാനും ശ്രദ്ധിക്കേണ്ടതാണ്. മേൽ പട്ടികയിൽ പരാമർശിച്ചിട്ടുള്ള പദ്ധതികളുടെ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും കമ്മീഷൻ ചെയ്യുന്ന സമയത്ത് അറിയിക്കേണ്ടതാണ് .

1-29 ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് കെട്ടിടനിർമ്മാണം-അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള നിർമ്മാണപ്രവൃത്തികളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് കാപ്പുകാട് കുടുംബാരോഗ്യകേന്ദ്രം, പനംപുന്ന സബ്സെന്റർ എന്നിവയ്ക്കായി പുതിയ കെട്ടിടനിർമ്മാണത്തിന് തീരുമാനിക്കുകയും ഭരണസമിതിയുടെ 20-11-23 ലെ 1/9 നമ്പർ തീരുമാനപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നിർമ്മിതികേന്ദ്രം മുഖേന പ്രവൃത്തി നടത്താൻ തീരുമാനിച്ച് 1-3-2024ന് കരാറിലേർപ്പെടുകയും ചെയ്തിരുന്നു. 55.50 ലക്ഷം രൂപ അടങ്കലുള്ള പ്രസ്തുത പ്രൊജക്റ്റുകൾക്കായി നിർമ്മിതി കേന്ദ്രത്തിന് നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ്	ആകെ അടങ്കൽ	നിർമ്മിതി കേന്ദ്രത്തിന് നൽകിയ തുക	നിർമ്മിതി കേന്ദ്രം ലഭ്യമാക്കിയ ബില്ലുകൾ പ്രകാരമുള്ള വേലമൂല്യം
S0333/25 കാപ്പുകാട് കുടുംബാരോഗ്യ കേന്ദ്രം -മെയിൻ സെന്റർ നിർമ്മാണം	സിവിൽ വർക്ക് = 53 ലക്ഷം ഇലക്ട്രിക്കൽ = 2.50 ലക്ഷം	10,60,000/- (അഡ്വാൻസ്)+ 17,15,000/-(2024-25) (ട്രാൻസാക്ഷൻ നമ്പർ 5056613601240087/03.02.25) 27,75,000/-	24,82,244/-
S0334/25 പനംപുന്ന സബ്സെന്റർ നിർമ്മാണം	സിവിൽ വർക്ക്= 53 ലക്ഷം ഇലക്ട്രിക്കൽ= 2.50 Lakh	10,60,000/- (അഡ്വാൻസ്)+ 17,15,000/-(2024-25) (ട്രാൻസാക്ഷൻ നം. 5056613601240048/4.10.24)	24,82,244/-

		27,75,000/-	

പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

<u>അക്രെഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനത്തെ പ്രവൃത്തി നേരിട്ട് ഏൽപ്പിച്ചു</u>

അക്രെഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച 28-4-21ലെ 67/21 നമ്പർ ഉത്തരവ് ഇതു സംബന്ധിച്ച് മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മറ്റ് ഉത്തരവുകൾ മറികടക്കുന്നതാണ്. ഉത്തരവിന്റെ ഖണ്ഡിക നം 5 അനുസരിച്ച് പ്രത്യേക സ്വഭാവമുള്ള പ്രവൃത്തികൾ, ഫണ്ടിംഗ് ഏജൻസി സമയ നിയന്ത്രണം ഉൾപ്പെടുത്തുമ്പോൾ, വകുപ്പ് തല എഞ്ചിനീയറിംഗ് വിഭാഗത്തിന് ജോലിഭാരം കൂടുന്ന അവസ്ഥ തുടങ്ങിയ സാഹചര്യങ്ങളിൽ പ്രവൃത്തികൾ അക്രെഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാവുന്നതാണ്. ഏജൻസികളെ PMC ആയി പ്രവൃത്തികൾ ഏറ്റെടുക്കാവുന്നവ NON PMC ആയി പ്രവൃത്തികൾ ഏറ്റെടുക്കാവുന്നവ എന്നിങ്ങനെ തിരിച്ചിരിക്കുന്നു. സർക്കാർ ഉത്തരവ് പ്രകാരം കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് തനത് ശൈലിയിലുള്ള ചെലവ് ചുരുങ്ങിയ പ്രവൃത്തികൾ NON PMC ആയി ഏറ്റെടുക്കുന്നതിന് മാത്രമാണ് അക്രെഡിറ്റേഷൻ ഉള്ളത്. പദ്ധതി രൂപീകരണ മാർഗ്ഗ രേഖയിലും(12.2.5.സി) സർക്കാർ ഉത്തരവുകൾ പാലിച്ച് പ്രോജക്ട് തയ്യാറാക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ അക്രഡിറ്റേഷൻ ഇല്ലാത്ത കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് പ്രവൃത്തി നേരിട്ട് നല്കിയ നടപടി ക്രമപ്രകാരമുള്ളതല്ല.

<u>സാങ്കേതിക അനുമതി നല്കുന്നതിന് കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അധികാരമില്ല</u>

പ്രോജക്ട് പരിശോധിച്ചതിൽ സാങ്കേതിക അനുമതി നല്കിയിരിക്കുന്നത് നിർമ്മിതി കേന്ദ്രം എഞ്ചിനീയർമാർ ആണ്. സർക്കാർ ഉത്തരവ് 67/2021 /ധന, തീ. 20.04.21 പ്രകാരം PMC അല്ലാതെ പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുമ്പോൾ സാങ്കേതിക അനുമതി നല്കേണ്ടത് ബന്ധപ്പെട്ട വകുപ്പോ, അല്ലെങ്കിൽ വകുപ്പ് ചുമതലപ്പെടുത്തുന്ന എഞ്ചിനീയർമാരോ ആണ്.

<u>അളവ് രേഖപ്പെടുത്തിയത് പരിശോധിയ്ക്കാതെ തുക നല്കി</u>

സ ഉ 67/2021 ധന, തീ. 28.04.21 പ്രകാരം അളവ് രേഖപ്പെടുത്തുക, ചെക്ക്മെഷർ ചെയ്യുക തുടങ്ങിയവ പ്രവൃത്തി ഏൽപ്പിക്കുന്ന വകുപ്പോ, ഇരു കൂട്ടരും ചേർന്നോ നിർവ്വഹിക്കേണ്ടതാണ്. എന്നാൽ നിർമ്മിതി കേന്ദ്രം തയ്യാറാക്കി നൽകിയ ബില്ലുകൾ ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിങ്ങ് വിഭാഗമോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ പരിശോധിച്ചിരുന്നതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 15.06.24ലെ 3(1) തീരുമാനപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ പനംമ്പുന്ന, കാപ്പുകാട് സബ് സെന്ററുകളുടെ കെട്ടിട നിർമ്മാണം രണ്ടാം ഘട്ടം തുക നൽകുന്നത് സംബന്ധിച്ച് കോട്ടയം ജില്ലാ നിർമിതി കേന്ദ്രം പ്രോജക്റ്റ് എഞ്ചിനിയറുടെ കത്ത്, അനുബന്ധ വാലുവേഷൻ, ടി വാലുവേഷനിൽ സംശയം പ്രകടിപ്പിച്ച് ഗ്രാമപഞ്ചായത്ത് എഞ്ചിനിയറിംഗ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനിയർ സമർപ്പിച്ച കത്ത് എന്നിവ ചർച്ച ചെയ്യുകയും ടി പ്രവൃത്തിയുടെ എം.ബുക്ക് പരിശോധന, സൈറ്റ് വെരിഫിക്കേഷൻ എന്നിവ നടത്തി തുടർനടപടികൾ കൈക്കൊള്ളുന്നതിന് ഗ്രാമപഞ്ചായത്ത് എഞ്ചിനിയറിംഗ് വിഭാഗം അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപെടുത്തി തീരുമാനിച്ചു. (15.06.24ലെ 3/1 നമ്പർ തീരുമാനം) അതനുസരിച്ച് നിർമ്മിതി കേന്ദ്രം ലഭ്യമാക്കിയ എം.ബുക്ക് പരിശോധന, സൈറ്റ് വെരിഫിക്കേഷൻ എന്നിവ തടർന്ന് നടത്തിയിട്ടുണ്ടോയെന്നതും വ്യക്തല്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം21/1-8-25) മറുപടി ലഭ്യമാക്കിയില്ല. മേൽപറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കാത്തതിനാലും കെട്ടിടനിർമ്മാണം പൂർത്തീകരിക്കാത്തതിനാലും രണ്ടു കെട്ടിടങ്ങൾക്കുമായി 2024-25 വർഷം ചെലവഴിച്ച 17,15,000x2 = 34,30,000/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

<u>1-30 അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിലേക്ക് കൈമാറിയില്ല</u>

കൊടുങ്ങൂർ എസ്ബിഐ ശാഖയിൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിച്ചിരുന്നു (അക്കൗണ്ട് നം 37147560950). അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കുന്ന വിവിധ പ്രോജക്റ്റുകളുടെ ഇ-ടെൻഡർ നടപടികളുടെ ഫീസ് ലഭ്യമാകുന്നതിനായി തുടങ്ങിയ അക്കൗണ്ടിന് 18-7-2025 ൽ ടി അക്കൗണ്ടിൽ 1,40,467.51/- രൂപ ബാലൻസ് നിൽക്കുന്നതായി കാണുന്നു. ടി തുക തനത് ഫണ്ടിലേയ്ക്കുള്ള വരുമാനമായതിനാൽ സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കേണ്ടതാണ്.

<u>1-31 ലൈഫ് ഭവനപദ്ധതി - അവലോകനം</u>

വി.ഇ.ഒ വാഴൂർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിവരുന്ന ലൈഫ് ഭവനപദ്ധതി എസ്.സി പ്രോജക്ടിൽ തൻവർഷം 8 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകളിലാണ്. മുൻവർഷങ്ങളിൽ ആനുകൂല്യം അനുവദിച്ച 9 ഗുണഭോക്താക്കളിൽ ശ്രീ വിജേഷ് കെ ജയൻ കുരക്കുഴിയിൽ എന്ന ഗുണഭോക്താവ് മാത്രമാണ് ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ളത്.

ജനറൽ പ്രോജക്ടിൽ നാളിതുവരെ 83 ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടു. ചുവടെ ചേർക്കും പ്രകാരം 26 ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകളിലാണ്.

ക്രമ നമ്പർ	ഗുണഭോക്താവ്	വാർഡ് നമ്പർ	കരാറിലേർപ്പെട്ട തീയതി	നാളിതുവരെ കൈപ്പറ്റിയ തുക	സ്റ്റേജ്
1	മറിയാമ്മ എം.എം നമ്പൂരാക്കൽ	5	15.02.2023	360000	റൂഫ്
2	അൽഫാലുദ്ദീൻ മറുകാട്ട്	11	4.3.2023	200000	അടിത്തറ
3	ഇസ്മയൽ കെ.എസ്, കല്ലുതെക്കേതിൽ	7	7.3.2023	200000	അടിത്തറ
4	ജഗദീഷ് കെ.കെ കാക്കനാട്ട്കുന്നേൽ	8	8.3.2023	360000	റൂഫ്
5	നാസർ കെ.കെ കരോട്ട് മുറിയിൽ	12	13.3.2023	360000	റൂഫ്
6	അമ്പിളി ബാബു പുതുപറമ്പിൽ	2	24.3.2023	200000	ലിന്റൽ
7	സതീഷ് പി.റ്റി പൂവത്തുംകുഴിയിൽ	15	24.3.2024	300000	ലിന്റൽ
8	അനിൽ പൂവത്തോലിൽ	12	31.3.2023	140000	അടിത്തറ
9	സുജ റ്റി.ജി പൂത്തോട്ടത്തിൽ	6	12.4.2023	300000	റൂഫ്
10	സന്തോഷ് എം.ജെ, മാഞ്ഞികപ്പള്ളിൽ	5	13.4.2023	300000	ലിന്റൽ
11	ഷിജോ ജോൺ തുളുവാഞ്ചിറ	2	13.4.2023	40000	തുടങ്ങിയിട്ടില്ല
12	ചാക്കോ പീറ്റർ ആട്ടുംകൂട്ടുങ്കൽ	12	26.5.2023	200000	അടിത്തറ

13	റെജി സെബാസ്റ്റ്യൻ, പെരുഞ്ചേരിൽ	7	29.5.2023	360000	റൂഫ്
14	ജയരാജ് , കല്ലടിയിൽ	11	6.6.2023	360000	റൂഫ്
15	സുധ , പറപ്പള്ളിൽ	12	12.3.2024	300000	റൂഫ്
16	ഇന്ദിര, ഏറാത്ത്	2	11.9.2023	160000	അടിത്തറ
17	ലിസമ്മ കൂട്ടുംകൽ	14	19.2.2024	300000	റൂഫ്
18	നബീസാ ബീവി,കുളത്തുങ്കൽ	12	19.2.2024	300000	റൂഫ്
19	രഞ്ജിനി അഭിലാഷ്, ശിവപാർവ്വതിഭവൻ	8	12.2.2024	40000	അടിത്തറ
20	സരസമ്മ, വേലിപ്ളാക്കൽ	6	7.3.2024	300000	റൂഫ്
21	രാജേഷ് , കൊല്ലത്തുപാറക്കൽ	7	12.3.2024	300000	റൂഫ്
22	ജയകുമാർ, കാർത്തികാ സദനം	13	27.5.2024	300000	റൂഫ്
23	സൈനബ ബീവി, പാറേൽകോളനി	9	1.6.2024	300000	റൂഫ്
24	ലിസ്സി , മാറ്റേൽ	1	27.6.2024	40000	തുടങ്ങിയിട്ടില്ല
25	ബിജു കെ.എസ് , കൈപ്പക്കൽ	5	1.12.2024	40000	ആരംഭിച്ചു
26	തമ്പി, പാണംതാനത്ത്	11	12.6.2024	200000	ലിന്റൽ

ഭവന നിർമ്മാണം പൂർത്തിയാക്കാതെ അവശേഷിക്കുന്ന 26 ഗുണഭോക്താക്കളിൽ ക്രമനമ്പർ 2, 3, 8, 11, 12, 16, 19, 24 എന്നീ ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിൽ യാതൊരു പുരോഗതിയും കൈവരിച്ചിട്ടില്ല. വിഷയത്തിൽ ഭരണസമിതി ഇടപെടേണ്ടതും ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തിയാക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഭവന നിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

<u>1-32 വീട് വാസയോഗ്യമാക്കൽ - ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കാൻ ശേഷിക്കുന്നു.</u>

വീട് വാസയോഗ്യമാക്കൽ പ്രോജക്ടുകൾ പ്രകാരം 2024-25 ൽ മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലയെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

നിർവ്വഹണോദ്യോഗസ്ഥൻ	വി ഇ ഓ വാഴൂർ
പ്രോജക്റ്റ് നം , പേര്	S0021/2025, വീട് വാസയോഗ്യമാക്കൽ (ജനറൽ)
ചെലവ് തുക	36,85,000/- {1451167/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) 2233833/-(തനത് ഫണ്ട്)}
ഒരാൾക്ക് അനുവദിച്ച ധനസഹായം	75000/- രൂപ
മുൻകൂർ	35000/- രൂപ

ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെട്ട 55 പേരിൽ അഡ്വാൻസ് കൈപ്പറ്റി നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവ്	വാർഡ്	തുക (രൂപ)
1	റബേക്കാ പുള്ളോലിക്കൽ	16	35000/-
2	ജോസഫ് ജോൺ ഇ, ഇളംപുരയിടം	15	35000/-
3	സൂസമ്മ ജോൺസൺ, ഈട്ടിക്കൽ	14	35000/-

മേൽ ഗുണഭോക്താക്കളുടെ പ്രവൃത്തി പൂർത്തീകരണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം കൈപ്പറ്റിയ അഡ്വാൻസ് തുക നിയമാനുസൃത പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

<u>1-33 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല.</u>

പ്രോജക്റ്റ് നം. പേര്	S0066/25, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
ചെലവ്	175000/- സംരക്ഷണഗ്രാന്റ് (റോഡിതരം)
ബിൽ നം.	27/10.01.2025
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 175000/- രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ഇൻവോയ്സ് നമ്പർ LF 33 / 26.4.2025 പ്രകാരം 65825/ രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 109175/- രൂപയുടെ മരുന്നുകൾ ലഭിക്കാനുള്ളതായി കാണുന്നു. മരുന്നുകൾ ലഭ്യമാകുവാൻ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 6/28.7.2025) നൽകുകയുണ്ടായി. മരുന്നുകൾ ഉടൻ ലഭ്യമാകുമെന്നാണ് ലഭിച്ച മറുപടി. മരുന്ന് ലഭ്യമാക്കാൻ തുടർ നടപടികൾ

സ്വീകരിച്ചിട്ടുണ്ടെങ്കിലും അവ നാളിതുവരെ ലഭിക്കാത്ത സാഹചര്യത്തിൽ 109175/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി ഇൻവോയ്സും സ്റ്റോക്ക് എൻട്രിയും സഹിതം മറുപടി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-34 ജൽജീവൻ മിഷൻ - അവലോകനം.

ജൽജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സ്ഥാപനവിഹിതവും ഗുണഭോക്തൃവിഹിതവും അടവാക്കിയിട്ടില്ല. വാഴൂർ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 2.7.2022 ലെ 1(17) നമ്പർ തീരുമാനം പ്രകാരം നിർവ്വഹണ ഏജൻസി സമർപ്പിച്ച ആക്ഷൻ പ്ളാൻ അംഗീകരിച്ചു.കേരളാ റൂറൽ വാട്ടർ സപ്ളൈ ആന്റ് സാനിട്ടേഷൻ ഏജൻസി ഒന്നാം കക്ഷിയായും വാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രണ്ടാം കക്ഷിയായും ഗ്രാമപഞ്ചായത്ത് ലെവൽ ആക്റ്റിവിറ്റി കമ്മറ്റി മൂന്നാം കക്ഷിയായും 15.11.2022 ൽ കരാറിലേർപ്പെട്ടിരുന്നു. 2021-2022 വർഷം പ്രോജക്ട് നമ്പർ S0220/2022 പ്രകാരം കേന്ദ്രാവിഷ്കൃതവിഹിതം 32850000/- രൂപയും ഗുണഭോക്തൃവിഹിതം 4380000/- രൂപയും ജില്ലാപഞ്ചായത്ത് വിഹിതമായി 1500000/- രൂപയും ബ്ളോക്ക് വിഹിതമായി 500000/- രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി 175000/- ഉൾപ്പെടെ ആകെ 39405000/- അടങ്കലായി പ്രോജക്ട് രൂപീകരിച്ചിരുന്നു. കേരളാ ഗ്രാമീൺ ബാങ്ക് കൊടുങ്ങൂർ ശാഖയിൽ 29.12.2021 ൽ ജൽജീവൻ മിഷന് വേണ്ടി അക്കൗണ്ട് ആരംഭിച്ചിരുന്നു (അക്കൗണ്ട് നമ്പർ 40692101056088). പ്രസ്തുത അക്കൗണ്ടിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി 2021-2022 വർഷം 175000/- ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 25.3.2022 ൽ ബ്ളോക്ക് വിഹിതമായി 500000/- രൂപയും 30.3.2022 ൽ ജില്ലാപഞ്ചായത്ത് വിഹിതമായി 1500000/- രൂപയും അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ട്. നിലവിൽ (1.5.2025 ൽ) 23,74,172/- രൂപ അക്കൗണ്ടിൽ ബാലൻസുണ്ട്. നാളിതുവരെ തുകകളൊന്നും അക്കൗണ്ടിൽ നിന്നും ചെലവഴിച്ചിട്ടില്ല.

വാർഡ് 3 ലെ പേഴുന്താനം കുടിവെള്ളപദ്ധതി, വാർഡ് 15ലെ പേർഷ്യൻ കോളനി ചെല്ലിമറ്റം കുടിവെള്ളപദ്ധതി, വാർഡ് 7 ലെ തേക്കാനം എറത്താത്തയിൽ കുടിവെള്ളപദ്ധതി, വാർഡ് 13 ലെ പാറാംതോട് കുടിവെള്ളപദ്ധതി എന്നിവ ജൽജീവൻമിഷൻ പ്രവൃത്തിയിലൂടെ പൂർത്തീകരിച്ചു. വാർഡ് 8 ലെ തത്തംപള്ളിക്കുന്ന് കുടിവെള്ളപദ്ധതി നിലവിൽ പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്. പ്രോജക്ടിന്റെ ചെലവ് സംബന്ധിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-35 ഹെൽത്ത് ഗ്രാന്റ് വിനിയോഗം.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. പദ്ധതിയുടെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ളത് താഴെപ്പറയുന്ന സർക്കാർ ഉത്തരവുകളും സർക്കുലറുകളുമാണ്.

ക്രമ നമ്പർ	ഉത്തരവ് നമ്പർ, തീയതി
1	G.O(Rt) No. 2132/2022/LSGD Dated 31.08.2022
2	G.O(Rt) No. 2156/2022/LSGD Dated 01.09.2022
3	G.O(Rt) No. 3157/2022/LSGD Dated 21.12.2022 (നഗരപാലികാ സ്ഥാപനങ്ങൾ)
4	G.O(Rt) No. 1078/2022/LSGD Dated 20.05.2023 (നഗരപാലികാ സ്ഥാപനങ്ങൾ)
5	Circular No. FM3/138/2023/LSGD Dated 23.05.2023
6	G.O(Rt) No. 1625/2023/LSGD Dated 09.08.2023

ചുവടെ ചേർക്കുംപ്രകാരമുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനായാണ് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്.
2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.
3. സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.
5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.
വാഴൂർ ഗ്രാമപഞ്ചായത്തിന് കീഴിൽ അലോപ്പതി - 4 (കുടുംബാരോഗ്യ കേന്ദ്രം-1, സബ്സെന്ററുകൾ-3), ഹോമിയോപ്പതി - 1, ആയുർവേദ – 2 എന്നിങ്ങനെ 7 ആരോഗ്യസ്ഥാപനങ്ങളാണുള്ളത്. അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി പഞ്ചായത്ത് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

2021-22 വർഷം മുതൽ 2024-25 വർഷം വരെ ലഭ്യമായതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	വർഷം	ഇനം	ലഭ്യമായ തുക	ചെലവഴിച്ച തുക	ബാക്കി തുക	ശതമാനം
1	2021-22	കുടുംബാരോഗ്യകേന്ദ്രം ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കല്	400000	400000	0	100
2	2022-23	രോഗനിർണ്ണയ സൌകര്യം ഏർപ്പെടുത്തൽ -കുടുംബാരോഗ്യ കേന്ദ്രം KL278	266447	236447	28000	89.4
3	2022-23	വാഴൂർ എഫ്എച്ച്സിയിലെയും സബ് സെന്ററുകളിലെയും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങള് KL281	110000	110000	21108	100
4	2023-24	രോഗനിർണ്ണയ സൌകര്യം	903000	881892	21108	97.6

		ഏർപ്പെടുത്തൽ -കുടുംബാരോഗ്യ കേന്ദ്രം KL278				
5	2023-24	വാഴൂർ എഫ്എച്ച്സിയിലെയും സബ് സെന്ററുകളിലെയും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങള് KL281	379000	378264	736	99.81
6	2023-24	എഫ്ഡബ്ല്യൂസി കാപ്പുകാട് മെയിൻ സെന്ററർ -പിഎച്ച്സി വാഴൂർ നിർമ്മാണം KL280	2775000	2775000	0	100
7	2023-24	പനംപുന്ന സബ് സെന്റർ നിർമ്മാണം KL280	2775000	2775000	0	100
8	2024-25	വാഴൂർ എഫ്എച്ച്സിയിലെയും സബ് സെന്ററുകളിലെയും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങള് KL281	604000	604000	0	100
9	2024-25	രോഗനിർണ്ണയ സൌകര്യം ഏർപ്പെടുത്തൽ -കുടുംബാരോഗ്യ കേന്ദ്രം KL278	377000	377000	0	100

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായി കാനറാ ബാങ്ക് പുളിക്കകവല ശാഖയിൽ താഴെപ്പറയുംപ്രകാരം മൂന്ന് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

ഇനം	അക്കൗണ്ട് നം
ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	110042393380-കാനറാ ബാങ്ക്
ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	110042393438-കാനറാ ബാങ്ക്
ഗ്രാമപ്രദേശങ്ങളിലെ സ്വന്തമായി കെട്ടിടമില്ലാത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും കെട്ടിടം പണിയാൻ	110042393530 കാനറാ ബാങ്ക്

വാഴൂർ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഹെൽത്ത് & വെൽനസ്സ് സെന്റർ കാപ്പുകാട്, ഹെൽത്ത് & വെൽനസ്സ് സെന്റർ പനംമ്പുന്ന എന്നീ ആരോഗ്യകേന്ദ്രങ്ങൾ വാടക കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. ടി ആരോഗ്യസ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കലുമായി ബന്ധപെട്ട പ്രോജക്ടിന്റെ വിശദംശങ്ങൾ ചുവടെ ചേർക്കുന്നു.നിർമാണം ആരംഭിച്ച രണ്ടു സെന്ററുകളുടെയും നിർമാണം നിലവിൽ പൂർത്തിയായിട്ടില്ല.

പ്രോജക്ടിന്റെ പേര്	ലഭ്യമായ തുക	ചെലവഴിച്ച തുക	ശതമാനം
പനംപുന്ന സബ് സെന്റർ നിർമ്മാണം KL 280	2775000	2775000	100
എഫ്ഡബ്ല്യൂസി കാപ്പുകാട് മെയിൻ സെന്റർ -പിഎച്ച്സി വാഴൂർ നിർമ്മാണം KL 280	2775000	2775000	100

സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം 4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം ലഭ്യമായ ഗ്രാന്റ് അതാത് പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു. അതത് സ്കീമുകളുടെ പ്രവർത്തനങ്ങൾക്കായി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരാണ് ഗ്രാന്റ് തുകയുടെ വിനിയോഗം നിർവ്വഹിക്കുന്നത്. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസർ തന്നെയാണ് നിർവ്വഹിക്കുന്നത്. ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ഹെൽത്ത് ഗ്രാന്റ് സംബന്ധമായ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്.
ആരോഗ്യസ്ഥാപനങ്ങളിലെ ജീവനക്കാർ, ആരോഗ്യപ്രവർത്തകർ, ആശമാർ എന്നിവർക്ക് സ്കീം 3 ഫണ്ട് ഉപയോഗിച്ചാണ് പരിശീലനം നൽകിയിട്ടുള്ളത്. സ്കീം 4 നിർദ്ദേശിക്കും പ്രകാരം ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.ഗ്രാമപഞ്ചായത്തിൽ 4 ഹെൽത്ത് വെൽനസ് സെന്ററുകളാണുള്ളത്. അവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. ഡിജിറ്റൽ ഡിസ്പ്ലേ സംവിധാനം മുഖേന ആരോഗ്യ സ്ഥാപനത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ജീവിത ശൈലിരോഗങ്ങൾ, വിവിധ നാഷണൽ പ്രോഗ്രാമുകൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുന്നു. ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ .വികസനത്തിനും രോഗ നിർണ്ണയ, രോഗപ്രതിരോധ

സൗകര്യങ്ങളുടെ വർദ്ധനവും ഉറപ്പാക്കുന്നതിനാണ് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. മേൽ ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗം ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന

മെഡിസെപ് പ്രീമിയം - ഒടുക്ക് (റെഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയതുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക*	ഒടുക്കാൻ ബാക്കിനിൽക്കുന്നതുക	റിമാർകസ്
14	88500/-	88500/-	ഇല്ല	-

*01.4.2024 മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയതുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കിനിൽക്കുന്നതുക	റിമാർക്സ്
0	0	0	0	0	-

മെഡിസെപ് പ്രീമിയം ഒടുക്ക് 01.07.2024 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയതുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയതുക	ഒടുക്കാൻ ബാക്കിനിൽക്കുന്നതുക	റിമാർക്സ്
1	0	0	0	-

മെഡിസെപ് പ്രീമിയം ഒടുക്ക് (1.08.2024മുതൽ 31.03.2025 നുള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2024മുതലുള്ള കുടിശിക ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കിനിൽക്കുന്നതുക	റിമാർക്സ്
ബാധകമല്ല					

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2024-25	25.06.2025	25.07.2025

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക, റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-3 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

വിഹിതം നല്കിയ സ്ഥാപനം	പ്രോജക്ടിന്റെ പേര്	ലഭിച്ച തുക	ചെലവ്	ബാക്കി
വാഴൂർ ബ്ലോക്ക് പഞ്ചായത്ത്	9/25 ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്	572346	572346	0
വാഴൂർ ബ്ലോക്ക് പഞ്ചായത്ത്	14/25 ലൈഫ് മിഷൻ ജനറൽ	300000	300000	0

വാഴൂർ ബ്ലോക്ക് പഞ്ചായത്ത്	34/25 ഭിന്നശേഷി സ്കോളർഷിപ്പ്	498900	498900	0
വാഴൂർ ബ്ലോക്ക് പഞ്ചായത്ത്	12/25 ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം	609485	609485	0
വാഴൂർ ബ്ലോക്ക് പഞ്ചായത്ത്	187/25 ക്ഷീരകർഷകർക്ക് പാലിന് സബ് സിഡി	168366	168366	0
	ആകെ	2149097	**2149097**	**0**
കോട്ടയം ജില്ലാ പഞ്ചായത്ത്	13/25 പാലിയേറ്റീവ് കെയർ 12 ഇന പരിപാടി	242741	242741	0
കോട്ടയം ജില്ലാ പഞ്ചായത്ത്	18/25 ലൈഫ് മിഷൻ പട്ടികജാതി വിഭാഗം	714055	714055	0
കോട്ടയം ജില്ലാ പഞ്ചായത്ത്	18/25 ലൈഫ് മിഷൻ ജനറൽ	1300000	1300000	0
കോട്ടയം ജില്ലാ പഞ്ചായത്ത്	34/25 ഭിന്നശേഷി സ്കോളർഷിപ്പ്	145000	145000	0
കോട്ടയം ജില്ലാ പഞ്ചായത്ത്	9/25 ക്ഷീരകർഷകർക്ക് പാലിന് സബ് സിഡി	243664	243664	0
കോട്ടയം ജില്ലാ പഞ്ചായത്ത്	35/25 കറവപ്പശുക്കൾക്ക് ഇൻഷുറൻസ്	42300	42300	0
കോട്ടയം ജില്ലാ പഞ്ചായത്ത്	266/25 വയോജനങ്ങൾക്ക് പ്രഭാത സായാഹ്ന വിശ്രമകേന്ദ്രം	913310	913310	0
കോട്ടയം ജില്ലാ പഞ്ചായത്ത്	218/25 പാറത്തോട് കുടിവെള്ളപദ്ധതി	529892	529892	0
കോട്ടയം ജില്ലാ പഞ്ചായത്ത്	270/25 തത്തംപള്ളിക്കുന്ന് കുടിവെള്ള പദ്ധതി	800000	800000	0
കോട്ടയം ജില്ലാ പഞ്ചായത്ത്	311 /25 ജി ബിൻ വിതരണം	500000	500000	0
കോട്ടയം ജില്ലാ പഞ്ചായത്ത്	240/25 ഓണാട്ട്പാടി -ശാസ്താംകാവ് റോഡ് പുനരുദ്ധാരണം	500000	500000	0
	ആകെ	5930962	5930962	**0**

4-4 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2024-25 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തികൾ നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചെലവ് പത്രിക പ്രകാരമുള്ളതും വിനിയോഗ വിവരവും താഴെ കൊടുക്കുന്നു.

നിർവ്വണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക (രൂപ)	ചെലവഴിച്ച തുക	ചെലവഴിക്കാൻ അവശേഷിക്കുന്ന തുക
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്	73/2025 കിഴക്കേടത്ത് കുടിവെള്ള പദ്ധതി പൂർത്തീകരണം	1050000	0	1050000
	57/2025 അമ്പലം കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം പൂർത്തീകരണം	400000	0	400000
	298/2025 മംഗലത്ത്കുന്ന് എസ്.സി സങ്കേതം കുടിവെള്ള പദ്ധതി കുഴൽ കിണർ നിർമ്മിച്ച് മോട്ടോർ സ്ഥാപിക്കൽ	251961	0	251961
	352/2025 മംഗലത്ത്കുന്ന് എസ്.സി സങ്കേതം കുടിവെള്ള പദ്ധതി പൂർത്തീകരിക്കൽ	134471	0	134471
അനെർട്ട്	108/2025 വാഴൂർ കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് സോളാർ പാനൽ വാങ്ങൽ	1189760	0	1189760
നിർമിതി കേന്ദ്രം	183/2025, കുട്ടികളുടെ പാർക്ക് - നക്ഷത്രോൽസവം	190000	0	190000
ആകെ		**3216192**	0	**3216192**

4-5 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

4-6 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	വരവ്	ആകെ	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള മുതൽ
					മുതൽ	പലിശ	
പഞ്ചായത്ത് ഓഫീസ് കോംപ്ലക്സ്	ജിഒ (എം എസ്) 83/13/ തസ്വഭവ	1237460*	-	1237460	1237460	93972	0
ലൈഫ് ഭവന നിർമ്മാണ പദ്ധതി	എൽ.എസ്സ്.ജി.ഡി, ജി.ഒ (എം.എസ്) നം-68/18 തീയതി 18/05/18	10031479	6860000	16891479	2135899	0	14755580

*കേരളം നഗര ഗ്രാമവികസന ധനകാര്യ കോർപറേഷന്റെ പുതുക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം പ്രാരംഭബാക്കി 1237460രൂപ ആണ്.

4-7 സ്ഥിരനിക്ഷേപം

വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപമില്ല.

4-8 ഓഡിറ്റ് റിക്കവറി

ഇല്ല

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-2, 2-3	2016-17	അനുബന്ധം- 3	വസ്തു നികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2014-15	2-6	2016-17	2, അനുബന്ധം- 4	തൊഴിൽ നികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2015-16	2-4, 2-5	2016-17	2, അനുബന്ധം- 5	തൊഴിൽ നികുതി	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്

4-10 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ് / സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) (റസീറ്റ് & പേയ്മെന്റ് പ്രകാരം)	94792461.41
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീറ്റ് & പേയ്മെന്റ് പ്രകാരം)	70972107
ആകെ വരുമാനം (ഇൻകം&എക്സ്പെൻഡിച്ചർ പ്രകാരം)	162588275
ആകെ ചെലവ് (ഇൻകം&എക്സ്പെൻഡിച്ചർ പ്രകാരം)	160418680
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	82,25,663/-

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും

1-22-1	1,90,000/-	ശ്രീമതി സൗമ്യ എം., സെക്രട്ടറി
1-22-2	2,74,000/-	ശ്രീമതി സൗമ്യ എം., സെക്രട്ടറി
1-25	11,96,296/-	ശ്രീമതി സൗമ്യ എം., സെക്രട്ടറി
1-27	30,26,192/-	ശ്രീമതി സൗമ്യ എം., സെക്രട്ടറി
1-29	34,30,000/-	ശ്രീമതി അനുപമാ ശ്രീകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ
1-33	1,09,175/-	ശ്രീമതി സൗമ്യ എം., സെക്രട്ടറി
ആകെ	82,25,663/-	

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2003-04	നം.കെഎസ്എ കെടിഎം പി5 (അദാ 2022)/871(8)/22 തീയതി 27.08.2022	3
2004-05	നം.കെഎസ്എ കെടിഎം പി5 (അദാ 18)/198(7)/18 തീയതി 2-2-18	7
2006-07	നം.കെഎസ്എ കെടിഎം പി5 (അദാ 22)/1675/22 തീയതി 27.08.22	2
2007-08	നം.കെഎസ്എ കെടിഎം പി5 (അദാ 18)/198(9)/18 തീയതി 02.02.2018	6
2008-09	നം.കെഎസ്എ കെടിഎം പി5 (അദാ 22)/1871(2)/22 തീയതി 24.08.22	2
2009-10	നം.കെഎസ്എ കെടിഎം പി5 (അദാ 22)/1871(3)/22 തീയതി 27.08.22	2
2010-11, 2011-12	നം. കെഎസ്എ കെടിഎം പി5 (അദാ 22)/1871(4)/22 തീയതി 27.08.22	9
2012-13	നം.കെഎസ്എ കെടിഎം പി5 (അദാ 22)/230/22 തീയതി 27.08.22	6
2013-14	കെ.എസ്.എ കെ.ടി.എം പി 5/1081/22/21.07.22	1
2014-15	കെഎസ്എ.കെടിഎം.പി.5/1961/22/ 08.11.22	4
2015-16	കെഎസ്എ.കെടിഎം.പി.5/1029/22/ 21.07.22	8
2016-17	കെഎസ്എ.കെടിഎം.പി 5/1963/22 തീയതി 21.07.22	9
2017-18	കെഎസ്എ-കെടിഎം.പി-5/471/19/ 14.5.2019	20
2018-19	കെഎസ്എ-കെടിഎം.പി-5/1960/2022 തീയതി 01.10.2022	16
2019-20	കെഎസ്എ-കെടിഎം.പി-5/1964/22 തീയതി 27.10.22	13
2020-21	കെഎസ്എ-കെടിഎം.പി-5/1962/22 തീയതി 30.11.22	8
2021-22	കെഎസ്എ-കെടിഎം.പി-5/154/23 തീയതി 21.10.2023	22
2022-23	കെഎസ്എ-കെടിഎം.പി-5/8400/25 തീയതി 02.05.2025	21
2023-24	കെ.എസ്.എ.കെ.ടി.എം.പി 5/2024/2024 തീയതി 21/02/2025	28

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 3 dated 12-06-2025 and submitted on 25-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Vazhoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Vazhoor Grama Panchayat as on 31-03-2025

Date: 14/10/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Vazhoor Grama Panchayat for the Year 2024-2025.

1.Major Observations

1. Documents for verification of accuracy of Panchayath General Fund not provided.
2. Non Disclosure of Capital Contribution-Capital contribution opening balance details as on 01/04/2024 has not provided by authorised register or document.
3. Valuation process of assets as per instructions in G.O(Ms) 152/2011 dated 26.07.2011 not yet completed and asset register not updated.

2.Other Observations

1. Contingent Expenses and Honourarium of Elected Representatives which became due upto 31/03/2025 has not been accounted as payable during 2024-25.
2. Government/Other dues register not maintained properly to substantiate AFS.
3. The schedules B5 Secured Loans and B16 Prepaid Expenses in the Balance Sheet does not match.
4. Non Disclosure of Capital Work in Progress Capital Work in Progress opening balance details as on 01/04/2024 has not provided by authorised register or document.
5. Accumulated depreciation of Vehicles Asset exceeded over the total Asset Value.
6. The redemption amount from Joint Venture account and other accounts has not been adjusted.

Deputy Director
District Office Kottayam
Kerala State Audit Department

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വാഴൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്